**ശാസ്ത്രവും ശാസ്ത്രബോധവും**

16 ഫെബ്രുവരി 2020
കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില : ₹ 17.00

# യുറീക്ക






# ഇത്രേള്ളൂ... ശാസ്ത്രത്തിന്റെ രീതി






**സ്റ്റെപ്പ് 1**

### ആവശ്യം
എന്താണ് നിങ്ങൾക്കറിയേണ്ടത്?
എവിടെ എന്റെ പേന?

**സ്റ്റെപ്പ് 2**

### ഗവേഷണം
എന്താണ് നിങ്ങൾക്ക് കണ്ടെത്താനാവുക?
എന്റെ പ്രിയ ചങ്ങാതിയുടെ ഡെസ്കിനരികിൽ വരെ ഞാൻ പോയിരുന്നു. തിരിച്ചു വന്നപ്പോഴേക്കും എന്റെ പേന കാണാനില്ല.

**സ്റ്റെപ്പ് 3**

### അനുമാനം
നിങ്ങളെന്താണ് പ്രവചിക്കുന്നത്?
പേന ചങ്ങാതിയുടെ ഡെസ്കിലുണ്ടാകുമെന്ന് ഞാൻ അനുമാനിക്കുന്നു.

**സ്റ്റെപ്പ് 4**

### പരീക്ഷണം
അത് എങ്ങനെയാണ് പരീക്ഷിക്കാൻ പോവുന്നത്?
ഞാനെന്റെ ചങ്ങാതിയുടെ അരികിലേക്ക് പോയി അവളോട് ചോദിച്ചു,
എന്റെ പേനയുണ്ടോ ഇവിടെ?

**സ്റ്റെപ്പ് 5**

### അപഗ്രഥനം
നിങ്ങളുടെ പരീക്ഷണത്തിൽ എന്തു സംഭവിച്ചു?
എന്റെ പേന ചങ്ങാതിയുടെ അരികിലുണ്ടെന്ന് അവൾ ഉറപ്പ് പറഞ്ഞു.

**സ്റ്റെപ്പ് 6**

### നിഗമനം
നിങ്ങളെന്ത് കണ്ടെത്തി?
പേന ചങ്ങാതിയുടെ അരികിലുണ്ടായിരുന്നു.



ചിത്രങ്ങൾക്ക് കടപ്പാട്: commons.wikimedia.org, vectorstock.com

2020
ഫെബ്രുവരി 16
വാല്യം: 41
ലക്കം: 18

# യുറീക്ക

കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക
1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/
EurekaFortnightly

കത്തുകളും രചനകളും അയയ്ക്കേണ്ട
വിലാസം: എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com

## ലേഖനങ്ങൾ

6. ശാസ്ത്രബോധവും ശാസ്ത്രദിനവും : ആർ.വി.ജി.

8. രാമനെ സ്മരിക്കുമ്പോൾ : കെ.പാപ്പൂട്ടി

16. കഥാസരിത് സാഗരം : അബ്ദുൽ ഖാദർ ബി.സി.

32. കാപ്പി : കെ.യതീന്ദ്രനാഥൻ

36. ഉപ്പ എന്ന അക്ഷയപാത്രം : മനോഹരൻ കെ

## കുറിപ്പ്

2. ഇത്രേയുള്ളൂ ശാസ്ത്രത്തിന്റെ രീതി

11. സ്ത്രീകളും ശാസ്ത്രരംഗവും : ഇന്ദു എം.എസ്

14. ഞങ്ങൾ ഗ്രഹണം കണ്ടേ...

42. ദേ, ഒരു ശാസ്ത്രജ്ഞ

43. വാവയ്ക്കും അറിയാം ശാസ്ത്രത്തിന്റെ രീതി

## ഓർമ – യുറീക്ക @ 50

24. നാളത്തെ ലോകം

## കഥ

29. ഞൊയ്യു തൻപ് : രാമകൃഷ്ണൻ കുമരനല്ലൂർ

30. വീട്ടുമാറ്റം : പ്രിയംവദ

## കവിത

19. മരംപോലെ നിൽക്കുകയെന്നാൽ... : സുഖദൻ താനൂർ

28. നോട്ടങ്ങൾ : എസ്.എം.ജീവൻ

41. സൂര്യനായി മാറാൻ : സിന്ധു എൻ.പി



കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

**നോവൽ**

34. ഭൂമിയിലെ നക്ഷത്രങ്ങൾ : പ്രേമജ ഹരീന്ദ്രൻ

**പംക്തികൾ**

12. പദപ്രശ്നം
20. ഞാറ്റടി
22. കാഴ്ചപ്പുറം
38. പീക്കിരി.ഇൻ

**കവർ**

കെ. സതീഷ്






വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.ksspublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം,**
**കോഴിക്കോട്-673002.**
e-mail: ksspmagazine@gmail.com,
Ph: 0495 2701919.



**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ),
എം ദിവാകരൻ (മാനേജിങ് എഡിറ്റർ),
അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ് (എഡി. അസിസ്റ്റന്റ്), പ്രൊഫ.കെ.പാപ്പൂട്ടി, ജനു, ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ, ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി, പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ, എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ-ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.


# മുഖക്കുറി

നാലാമത്തെ ആളും ഒരേ കാര്യം തന്നെ പറഞ്ഞപ്പോൾ നിഥിലിന് ബോറടിക്കാൻ തുടങ്ങി. "സി വി രാമന് നൊബേൽ സമ്മാനം കിട്ടിയതിന്റെ ഓർമയ്ക്കാണ് ഫെബ്രുവരി 28 ദേശീയ ശാസ്ത്രദിനമായി കൊണ്ടാടുന്നത്... ശാസ്ത്രമാണ് നമ്മെ പുരോഗതിയിലേക്ക് നയിക്കുന്നത്... രാഷ്ട്രം കെട്ടിപ്പടുക്കാൻ നമുക്ക് ശാസ്ത്രത്തെ കൂട്ടുപിടിക്കേണ്ടിയിരിക്കുന്നു..." എല്ലാവരും ഒന്ന് തന്നെയാണ് പറയുന്നത്. ബൈഹാർട്ട് പഠിച്ച് പറയുന്നതുപോലെ.

ഇതെല്ലാം സ്റ്റേജിലിരിക്കുന്ന ആ മാമന്റെ പണിയാണ്. ഇന്നത്തെ അതിഥിമാമൻ. സ്കൂളിലെ ശാസ്ത്രദിന ആഘോഷത്തിന് ക്ഷണിച്ചപ്പോൾ മൂപ്പര് പറഞ്ഞുപോലും കുറച്ച് കുട്ടികൾ ശാസ്ത്രദിനത്തെക്കുറിച്ച് പറയട്ടെ. അത് കേട്ടിട്ട് ഞാനെന്തെങ്കിലും പറയാം എന്ന്. അപ്പോ ടീച്ചറ് പറഞ്ഞു, എന്നാ എല്ലാ ഡിവിഷനിൽ നിന്നും ഓരോരുത്തര് ആവാം ന്ന്. ശാസ്ത്രപുസ്തകങ്ങളൊക്കെ എഴുതി വല്യ വല്യ അവാർഡുകളൊക്കെ വാങ്ങിച്ച ആളാണ് പോലും. ഏതായാലും ഇത് വലിയ ചതിയായിപ്പോയി.

കോട്ടുവായ് കൈകൊണ്ട് മറച്ച് തല താഴ്ത്തി ഇരിക്കുമ്പോഴാണ് അടുത്തത് ആറ് എ യിലെ വിജിഷ എന്ന് ടീച്ചർ അനൗൺസ് ചെയ്തത്. വിജിഷ അവന്റെ പ്രിയപ്പെട്ട കൂട്ടുകാരിയാണ്. "നമ്മുടെ ക്ലാസിന് ഇന്ന് പൊളിക്കണമെടാ.." എന്ന് അവള് രാവിലെ പറഞ്ഞിരുന്നു. എന്താവുമോ ആവോ? നിഥിൽ നേരെയിരുന്നു.

വേദിയിലിരിക്കുന്നവർക്കും സദസ്സിലുള്ളവർക്കും നമസ്കാരം പറഞ്ഞുകൊണ്ട് വിജിഷ നേരെ വിഷയത്തിലേക്ക് കടന്നു. "എനിക്ക് മുമ്പ് സംസാരിച്ച കൂട്ടുകാരോട് ചെറിയ തോതിൽ വിയോജിക്കേണ്ടി വന്നതിൽ എനിക്ക് ദുഃഖമുണ്ട്. നമ്മൾ വെറുതെ ശാസ്ത്രം ശാസ്ത്രം എന്ന് ഉരുവിട്ടുകൊണ്ടിരിക്കുന്നതിൽ വലിയ കാര്യമൊന്നുമില്ല എന്ന് ഞാൻ പറയാനാഗ്രഹിക്കുന്നു. അതിനെ നമ്മുടെ നിത്യജീവിതവുമായി കൂട്ടിയിണക്കുന്നുണ്ടോ എന്നതാണ് കാര്യം." നേരത്തെ കേട്ടതിൽ നിന്ന് വ്യത്യസ്തമായ ഒരു സ്വരം കേട്ടതുകൊണ്ടാവാം അതിഥിമാമൻ വിജിഷയുടെ നേരെ നോക്കി പുഞ്ചിരിച്ചു.

"ശാസ്ത്രം എന്നത് കുറേ അറിവുകളല്ല.

# വെറുതെ പഠിച്ചാൽ പോര..

പക്ഷേ, നമ്മുടെ നാട്ടിൽ അത് പരീക്ഷയ്ക്ക് പഠിക്കാനും ഉത്തരക്കടലാസിൽ എഴുതിനിറയ്ക്കാനും മാത്രമുള്ള ഒന്നായി മാറിയിരിക്കുന്നു." അവളുടെ അമ്മ പഞ്ചായത്ത് പ്രസിഡന്റാണ്. അമ്മയോട് ഇന്നലെ പ്രസംഗത്തിനു വേണ്ട കാര്യങ്ങൾ അവൾ ചർച്ച ചെയ്തിരുന്നു എന്ന് രാവിലെ പറഞ്ഞിട്ടുണ്ട്. അമ്മ പ്രസംഗിക്കുന്നതുപോലെ നന്നായി പ്രസംഗിക്കാനും അവൾക്കറിയാം. ക്ലാസ് ടീച്ചറുടെ മുഖം കണ്ടാലറിയാം ടീച്ചർക്ക് പ്രസംഗം നന്നായി ഇഷ്ടപ്പെട്ടുന്നുണ്ടെന്ന്.



"നമ്മൾ സൗരയൂഥത്തെക്കുറിച്ചും ഗ്രഹങ്ങളെക്കുറിച്ചും വിശദമായി പഠിച്ച് നല്ലപോലെ മാർക്ക് വാങ്ങും. എന്നിട്ടോ?" അവൾ ഒരുനിമിഷം നിർത്തി. "അതേ നമ്മൾ തന്നെ.., പാവം ചൊവ്വാഗ്രഹം നമ്മുടെ ചേച്ചിമാരുടെ കല്യാണം മുടക്കുന്ന ഒന്നാണെന്ന് വിശ്വസിക്കുകയും ചെയ്യും. ഭൂമി ഉരുണ്ടതാണെന്ന് പരീക്ഷയ്ക്ക് തെളിവുകളോടെ എഴുതുകയും അത് പരന്നതാണെന്ന് മതപാഠശാലകളിൽ നിന്ന് പറഞ്ഞുകേൾക്കുമ്പോൾ മിണ്ടാതിരിക്കുകയും ചെയ്യും. രോഗം വരുന്നത് രോഗാണുക്കൾ മൂലമാണെന്ന് ക്ലാസിൽ പഠിക്കുകയും രോഗം വരുമ്പോൾ മാന്ത്രികച്ചരടുകളിലും ഊതിയ വെള്ളത്തിലും വിശ്വാസം അർപ്പിക്കുകയും ചെയ്യും." സദസ്സിന് പ്രസംഗം ഇഷ്ടപ്പെടുന്നുണ്ടെന്ന് മനസ്സിലായപ്പോൾ വിജിഷയ്ക്ക് ആവേശമായി.

"ഞാൻ പറഞ്ഞുവരുന്നത് കുറേ വിവരങ്ങൾ മനഃപാഠമാക്കുന്നതു കൊണ്ടോ കേവലമായ ചില ദിനാചരണങ്ങൾ കൊണ്ടോ യാതൊരു പ്രയോജനവുമില്ലെന്നാണ്. ശാസ്ത്രബോധം സമൂഹത്തിൽ വളർന്നാലേ നാട് പുരോഗമിക്കൂ. നമ്മുടെ പ്രിയങ്കരനായ ചാച്ചാജി ശാസ്ത്രബോധത്തെക്കുറിച്ച് ഒരുപാട് പറഞ്ഞിട്ടുണ്ട്. ഞാൻ പ്രതീക്ഷിക്കുന്നത് നമ്മുടെ ഇന്നത്തെ അതിഥി അതിനെക്കുറിച്ച് വിശദമായി സംസാരിക്കും എന്നാണ്. ശാസ്ത്രബോധം ഉൾക്കൊണ്ട ഒരു തലമുറയ്ക്ക് മാത്രമേ നാട്ടിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ. ശാസ്ത്രബോധം വളർത്തിയെടുക്കലായിരിക്കണം നമ്മുടെ ലക്ഷ്യം." ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു എന്ന് പറഞ്ഞ് അവൾ അതിഥിമാമനെ ഒളികണ്ണിട്ട് നോക്കി. മാമൻ അവളെ അരികിലേക്ക് വിളിച്ച് ചേർത്തുപിടിച്ച് എന്തോ പറഞ്ഞു. സദസ്സിൽ നിന്നുയർന്ന വലിയ കയ്യടിക്കിടയിൽ അതാരും കേട്ടില്ല. ആവേശത്തിൽ ഉറക്കെ കൈ മുട്ടുന്നതിനിടയിൽ സീറ്റിൽ നിന്ന് എഴുന്നേറ്റു നിന്നത് നിഥിലിനും ഓർമയുണ്ടായിരുന്നില്ല.

**യുറീക്കാമാമൻ**

# ശാസ്ത്രബോധവും ശാസ്ത്രദിനവും



**ആർ വി ജി**

ചിത്രീകരണം: കെ.സതീഷ്




ഇക്കൊല്ലത്തെ ശാസ്ത്രദിനവും വരാറായി. "വനിതകളും ശാസ്ത്രവും" എന്നതാണ് ഇത്തവണത്തെ പ്രത്യേക വിഷയം.

ഇങ്ങനെ ഓരോ കൊല്ലവും പുതിയ വിഷയങ്ങൾ വരാറുണ്ട്. അതേപ്പറ്റി ചർച്ചകളും സെമിനാറുകളും നടത്തും. കുട്ടികൾ പങ്കെടുക്കും, ചിലർക്കൊക്കെ സമ്മാനവും കിട്ടും. പിന്നെ പഴയ പടി. അത്ര തന്നെ. പക്ഷേ, അതാണോ ദേശീയശാസ്ത്രദിനം കൊണ്ട് ഉദ്ദേശിക്കുന്നത്. പോരല്ലോ. ആ ദിനം ആചരിക്കുന്നതുകൊണ്ട് നമ്മുടെ ചിന്താരീതിയിലും സ്വഭാവത്തിലും അതിനനുസരിച്ച മാറ്റങ്ങൾ വരേണ്ടതല്ലേ? ശരിക്കും ആലോചിച്ചാൽ, ശാസ്ത്രത്തെപ്പറ്റി മെച്ചമായ ചിന്തയും ബോധവും അല്ലെ ഉണ്ടാകേണ്ടത്? ശാസ്ത്രബോധം എന്നാൽ, വസ്തുനിഷ്ഠമായി ചിന്തിക്കുക, തെളിവിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങളിൽ എത്തുക, മറിച്ചുള്ള തെളിവുകൾ കണ്ടാൽ തീരുമാനം മാറ്റാൻ തയ്യാറാകുക, തെറ്റ് തിരുത്താൻ തയ്യാറാകുക, അതിനാവശ്യമായ വിനയം കൈവരിക്കുക, ഇതൊക്കെയല്ലേ? ഇതെല്ലാമല്ലേ ശാസ്ത്രത്തിന്റെ രീതി?

ഇതൊക്കെ നമുക്ക് ഉണ്ടോ? എങ്ങനെയാണ് അറിയുക? നമുക്ക് ചുറ്റും നടക്കുന്ന കാര്യങ്ങൾ ശ്രദ്ധിച്ചാൽ ഇത് കുറെയൊക്കെ മനസ്സിലാകും. പത്രങ്ങൾ വായിച്ചാൽ, ടെലിവിഷൻ കണ്ടാൽ, ഇത് വ്യക്തമാകും. ടെലിവിഷൻ ചർച്ചകൾ ശ്രദ്ധിക്കൂ. ചോദ്യങ്ങൾക്കല്ല മറുപടി പറയുക. മറുഭാഗം ഉന്നയിച്ച പോയിന്റുകൾക്കു പകരം, സ്വന്തം ന്യായങ്ങൾ പറയുന്നതിന് പകരം, കുരുട്ടു ചോദ്യങ്ങൾ ഉയർത്താനാണ് മിക്കവർക്കും താത്പര്യം. വ്യക്തികളെ ആണ് പലപ്പോഴും ആക്രമിക്കുക. ഇങ്ങനെ ചർച്ച ചെയ്താൽ എങ്ങനെയാണ് സത്യം അല്ലെങ്കിൽ വാസ്തവം കണ്ടെത്തുക? ശാസ്ത്രം സത്യം കണ്ടെത്താനുള്ള രീതിയാണ്. വിഷയം ഏതായാലും ഈ രീതി പിന്തുടർന്നാൽ മാത്രമേ അത് ശാസ്ത്രീയം ആകൂ. അതിനു


യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി
വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം
www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന് ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.
സ്കാൻ ചെയ്യൂ, വരിക്കാരാകൂ
വാർഷിക വരിസംഖ്യ
യുറീക്ക– ₹ 300 ശാസ്ത്രകേരളം– ₹ 200 ശാസ്ത്രഗതി– ₹ 200
ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com

പകരം ആരെങ്കിലും, അതെത്ര വലിയ ആളായാലും, വെറുതെ പറഞ്ഞാൽ പോരാ. ബ്രിട്ടനിലെ റോയൽ സൊസൈറ്റിയുടെ വാതിൽക്കൽ ഇങ്ങനെ എഴുതി വച്ചിട്ടുണ്ട്. "ആരുടേയും വാക്കിന്റെ ബലത്തിലല്ല, തെളിവിന്റെ അടിസ്ഥാനത്തിൽ മാത്രം." അതാണ് ശരി. വാക്കിന്റെ ബലം പോരാ. രീതി.

നമുക്ക് പല കാര്യങ്ങളും "അറിയാം" എന്ന് തോന്നും. അതൊക്കെ തെളിവിന്റെ അടിസ്ഥാനത്തിൽ ആണോ? ഇത് നാം സ്വയം ചോദിയ്ക്കണം. പലപ്പോഴും ഇതെല്ലാം ആരെങ്കിലും നമ്മുടെ മനസ്സിലിട്ട മുൻവിധികളുടെ ഭാഗമായിരിക്കും.




നിരീക്ഷണത്തിന്റെ, പരീക്ഷണത്തിന്റെ, തെളിവ് വേണം. തീരുമാനം എടുക്കാൻ വേണ്ടത്ര തെളിവ് ഇല്ലെങ്കിൽ തീരുമാനം മാറ്റിവയ്ക്കാനേ പറ്റൂ. പ്രയോഗത്തിൽ ചിലപ്പോൾ നമുക്ക് വേണ്ടത്ര വിവരം (തെളിവ് ) ഇല്ലെങ്കിലും തീരുമാനം എടുക്കേണ്ടി വരും. അപ്പോഴെന്തു ചെയ്യും? അങ്ങനെ ഒരു തീരുമാനം എടുക്കണമെങ്കിൽ അത് ആ തിരിച്ചറിവോടു കൂടി മാത്രമേ എടുക്കാവൂ. അതിനുള്ള വിനയം നമുക്ക് ഉണ്ടാകണം. അറിഞ്ഞുകൂടാത്ത കാര്യം അറിഞ്ഞുകൂടാ എന്ന് സമ്മതിക്കാനും നാം തയ്യാറാകണം. ശാസ്ത്രം തെളിയിക്കാത്തതായി എത്രയോ കാര്യങ്ങളുണ്ട്. അതെല്ലാം തെളിയിക്കപ്പെട്ടിട്ടില്ല എന്ന് സമ്മതിക്കാൻ നാം തയ്യാറാകണ്ടേ? അതാണ് ശാസ്ത്രത്തിന്റെ

അതുകൊണ്ടു ഇതുപോലുള്ള സ്വയം പരിശോധന ശാസ്ത്രബോധത്തിന്റെ പ്രധാനപ്പെട്ട ഘടകമാണ്. സ്വയം പരിശോധിക്കാനും സ്വയം തിരുത്താനും നമുക്ക് കഴിയണം. സയൻസിന്റെ കാര്യത്തിൽ മാത്രമല്ല, സാമൂഹിക കാര്യങ്ങളിലും ഇതൊക്കെ പ്രധാനമാണ്. അതുകൊണ്ടാണ് ജവഹർലാൽ നെഹ്റു ശാസ്ത്രബോധം സ്വതന്ത്രഭാരതത്തിന്റെ അടിസ്ഥാന ഘടകം ആകണമെന്ന് എഴുതിയത്. ഇപ്പോഴത് നമ്മുടെ ഭരണഘടനയുടെ ഭാഗവും ആണല്ലോ.

ഈ സാഹചര്യത്തിൽ ശാസ്ത്രദിനം ആചരിക്കുമ്പോൾ നാം ശാസ്ത്രബോധം വളർത്തിയെടുക്കാനും പ്രത്യേകം ശ്രദ്ധിക്കണം.



# രാമനെ സ്മരിക്കുമ്പോൾ

**കെ പാപ്പൂട്ടി**



ചോദ്യങ്ങൾ ചോദിക്കുക കുട്ടികളുടെ സ്വഭാവമാണ്. എല്ലാ ചോദ്യവും ഉറക്കെ ആകണമെന്നില്ല. പതുക്കെ, തന്നോടു തന്നെ ആകാം. ഒരു ചെറിയ കുട്ടിക്ക് ഒരു വടി കിട്ടിയാൽ അതുകൊണ്ട് മേശയ്ക്കിട്ട് അടിച്ചു ഒച്ചയുണ്ടാക്കും. പിന്നെ (അമ്മ കാണാതെ) പിഞ്ഞാണത്തിന് അടിച്ചു നോക്കും. ഒഴിഞ്ഞ കപ്പിലും പിന്നെ വെള്ളം നിറച്ച കപ്പുണ്ടെങ്കിൽ അതിലും... അങ്ങനെ പലതിലും (ചിലപ്പോൾ ചേച്ചീടെ തലയ്ക്കും) തട്ടി നോക്കും. അപ്പോഴെല്ലാം ശബ്ദത്തിലുണ്ടാകുന്ന മാറ്റം കുട്ടി ശ്രദ്ധിക്കുന്നുണ്ടാകും. എന്തുകൊണ്ട് എന്ന് തന്നോടു തന്നെ ചോദിക്കുന്നുമുണ്ടാകും.

വേറെ ചില ചോദ്യങ്ങൾ കുട്ടികൾ ഉറക്കെ ചോദിക്കും – അമ്മയോടോ അച്ഛനോടോ ടീച്ചറോടോ ഒക്കെ. അടുപ്പത്തുള്ള ചീനച്ചട്ടിയിലെ ചൂടുള്ള എണ്ണയിലേക്ക് കടുകിട്ടാൽ 'ടപ്, ടപ് എന്ന് ഒച്ച കേൾക്കുമ്പോൾ അതിനു കാരണം അമ്മയോടാകും ചോദിക്കുക. അമ്മ പറയും, 'അതോ, കടുകുമണിയുടെ പുറംതോടിനുള്ളിൽ ചെറിയ




വായു അറ ഉണ്ട്. അതു ചൂടുകൊണ്ട് വികസിച്ചു പുറംതൊലി പൊട്ടുമ്പോഴാണ് ഒച്ച. ബലൂൺ പൊട്ടുമ്പോലെ.

"എണ്ണേലിട്ട പപ്പടം പൊള്ളച്ചു വരുന്നതോ? അതിലും വായുവുണ്ട്?"

"പപ്പടത്തിനുള്ളിൽ വായുവല്ല, കാർബൺ ഡയോക്സൈഡാണുള്ളത്."

മിക്ക കുട്ടികളും വലുതാകുന്തോറും ചോദ്യം ചോദിക്കൽ കുറയും. ചിലർ തീരെ നിർത്തും. എന്നാൽ കുറച്ചു പേർ കുട്ടിത്തം നഷ്ടപ്പെടാതെ വലുതായാലും ചോദ്യങ്ങൾ ചോദിച്ചു കൊണ്ടേയിരിക്കും, ഉത്തരം തേടിക്കൊണ്ടേയിരിക്കും. അവരിൽ ചിലരാണ് ശാസ്ത്രജ്ഞരായിത്തീരുന്നത്. ഓരോ വസ്തുവിലും തട്ടിയാൽ ശബ്ദത്തിലുണ്ടാകുന്ന



മാറ്റം ശ്രദ്ധയോടെ പഠിച്ചവരാണ് ചെണ്ടയും തബലയും മൃദംഗവും വയലിനും വീണയും ഗിത്താറും എല്ലാം കണ്ടുപിടിച്ചിട്ടുണ്ടാവുക.

ഓരോ മനുഷ്യനും കുട്ടിക്കാലം (ശൈശവം) ഉള്ളതുപോലെ മനുഷ്യ സമൂഹത്തിനും ശൈശവ കാലഘട്ടം ഉണ്ടായിരുന്നു. അന്നവർ ചോദിച്ച ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ വേറാരും ഉണ്ടായിരുന്നില്ല. അവർ സ്വയം കണ്ടെത്തിയ ഉത്തരങ്ങൾ പലതും ഇപ്പോൾ നമ്മൾക്ക് മണ്ടത്തരമായി തോന്നും. ഒരു തളികയോളം പോന്ന സൂര്യൻ എങ്ങനയാ ഈ വലിയ ഭൂമിയെ ആകെ വെളിച്ചത്തിൽ കുളിപ്പിക്കുകയും ചിലപ്പോൾ ചുട്ടുപഴുപ്പിക്കുകയും ചെയ്യുന്നത് എന്ന ചോദ്യത്തിന്, 'അതു സൂര്യൻ ശക്തിയുള്ള ദേവനായതുകൊണ്ട്' എന്നാണവർ ഉത്തരം കണ്ടത്. കുറച്ച് ഭാവന ചേർത്ത് അവർ പറഞ്ഞു 12 കുതിരകളെ കെട്ടിയ തേരിൽ ആണ് സൂര്യൻ ആകാശത്തുകൂടി സഞ്ചരിക്കുന്നതെന്ന്.



സൂര്യൻ മാത്രമല്ല, ചന്ദ്രനും ഗ്രഹങ്ങളും നക്ഷത്രങ്ങളും എല്ലാം പണ്ട് ദേവന്മാരായിരുന്നു. പതുക്കെ അത്തരം വിശ്വാസങ്ങളൊക്കെ മാറി. എങ്ങനെ മാറി? പുതിയ പുതിയ ചോദ്യങ്ങൾ ചോദിച്ചു കൊണ്ടു തന്നെ. ഉത്തരങ്ങൾ യുക്തിക്കു നിരക്കുന്നതാകണമെന്ന നിർബന്ധവും ഉണ്ടായി. സൂര്യനും ഗ്രഹങ്ങളും നക്ഷത്രങ്ങളും എല്ലാം ഒരു ദിവസം കൊണ്ട് ഭൂമിയെ ചുറ്റുന്നതായി കാണുന്നുവെങ്കിൽ അത് ശരിക്കും അവ ചുറ്റുന്നതുകൊണ്ടാകാൻ തരമില്ല, ഭൂമി സ്വയം കറങ്ങുന്നതുകൊണ്ട് നമ്മൾക്കുണ്ടാകുന്ന തോന്നലാകണം. ഇന്ത്യയിൽ ഇങ്ങനെ ആദ്യം പറഞ്ഞത് ആരാണെന്നറിയുമോ? ആര്യഭടൻ– 15 നൂറ്റാണ്ടു മുമ്പ്. അതിനും 8 നൂറ്റാണ്ടു മുമ്പ് അരിസ്റ്റർക്കസ് എന്ന ഗ്രീക്ക് ചിന്തകനും അതുതന്നെ പറഞ്ഞിരുന്നു.

പണ്ട് ആർക്കും അറിയാതിരുന്ന ഒരുപാടു ചോദ്യങ്ങൾക്ക് ഇന്നു നമുക്ക് ഉത്തരം അറിയാം. സൂര്യനെങ്ങനയാ ജ്വലിക്കുന്നത് എന്നറിയാം. കാറ്റെങ്ങനയാണ് ഉണ്ടാകുന്നത് എന്നറിയാം. തീ കത്തുന്നതിന്റെ ശാസ്ത്രവും, മഴ പെയ്യുന്നതിന്റെ ശാസ്ത്രവും ഗ്രഹങ്ങൾ എന്തുകൊണ്ടാണ് സൂര്യനെ (ഭൂമിയെ അല്ല) ചുറ്റുന്നത് എന്നും ഒക്കെ നമുക്കറിയാം.

എന്നിട്ടും സൂര്യഭഗവാനെയും വായുദേവനെയും അഗ്നിദേവനെയും വരുണഭഗവാനെയും ഒക്കെ ആരാധിക്കുന്നവർ നമ്മുടെ നാട്ടിലുണ്ട്. ആരാധിച്ചാൽ മാത്രം പോര. പൂജ വേണം, കാണിക്കയും ഇടണം. ഇല്ലെങ്കിൽ ആ ഭഗവാന്മാർ കോപിക്കുമത്രേ! ഒക്കെ പുരോഹിതരുടെ പണിയാണ്. അവർ അതുകൊണ്ട് ജീവിക്കുന്നതിൽ നമുക്കു വിരോധമില്ല. പക്ഷേ, നമ്മുടെ ശാസ്ത്രബോധത്തെയാണ് അവർ ചോദ്യം ചെയ്യുന്നത്.

അന്ധവിശ്വാസങ്ങളൊക്കെ പതുക്കയേ ഇല്ലാതാകൂ. നമ്മൾ ആ ചതിക്കുഴിയിൽ വീഴാതിരുന്നാൽ മതി. ചോദ്യങ്ങൾ ചോദിച്ചു കൊണ്ടേയിരിക്കണം.. ആരെയും ചോദ്യം ചെയ്യാം, എന്തിനെയും ചോദ്യം ചെയ്യാം. എത്ര വലിയവർ പറഞ്ഞതാണെങ്കിലും. ഇപ്പോൾ ശാസ്ത്രലോകം പുതിയ ചോദ്യങ്ങൾ ചോദിച്ചു കൊണ്ടിരിക്കുകയാണ്. ആകാശഗംഗയിലെ പതിനായിരം കോടിയിലേറെ വരുന്ന നക്ഷത്രങ്ങളിൽ ഒന്നു മാത്രമാണല്ലോ സൂര്യൻ. മറ്റു നക്ഷത്രങ്ങളിലും നമ്മുടെ സൗരയൂഥം പോലെ ഗ്രഹയൂഥങ്ങൾ ഉണ്ടാകില്ലേ? അതിൽ പലതും ഭൂമി പോലെ ജീവൻ നിലനിർത്താൻ കഴിയുന്നവ ആകില്ലേ? ജീവികൾ ഉണ്ടെങ്കിൽ എന്തായിരിക്കും അവയുടെ രൂപം, സ്വഭാവം, ഭക്ഷണ രീതി?ചിലതിലെങ്കിലും നമ്മെപ്പോലെ ബുദ്ധിയുള്ളവരും ഉണ്ടാകില്ലേ?

നിങ്ങളും ഇങ്ങനെയൊക്കെ ചിന്തിക്കാറില്ലേ?



കഴിഞ്ഞ വർഷം ഫിസിക്സിനുള്ള നൊബേൽ സമ്മാനം ആർക്കാണെന്നറിയുമോ? ജനീവ സർവകലാശാലയിലെ മിഷേൽ മെയറിനും ദിദിയേ ക്വിലോസിനും. 1995 ൽ 51 പെഗാസി എന്ന നക്ഷത്രത്തെ ചുറ്റുന്ന ഒരു ഗ്രഹത്തെ കണ്ടെത്തിയതിനാണ് നൊബേൽ സമ്മാനം. അതൊരു ഗംഭീര തുടക്കമായി. പിന്നെ കണ്ടെത്തലോടു കണ്ടെത്തൽ തന്നെ. ഇപ്പോൾ നാലായിരത്തിലേറെ ഗ്രഹങ്ങളെ കണ്ടെത്തിക്കഴിഞ്ഞു. അതിൽ അനേകം "ഭൂമികളും" ഉണ്ടത്രേ. ഏതിലെങ്കിലും ജീവൻ ഉണ്ടോ എന്നറിയില്ല. അതു കണ്ടെത്താൻ ഇനിയും ഒരുപാടു കാലമെടുക്കും. അതിനിടെ രസകരമായ ഒരു വാർത്ത വന്നു: അമേരിക്കയിലെ ഒരു സ്കൂൾ വിദ്യാർഥി ഒരു പ്രൊജക്റ്റ് ചെയ്യാൻ നാസയിൽ എത്തി, ബഹിരാകാശ ഗവേഷണത്തിനുള്ള കേന്ദ്രമാണല്ലോ അവിടം. ചെന്നതിന്റെ മൂന്നാം നാൾ അയാളൊരു പുതിയ ഗ്രഹത്തെ കണ്ടെത്തിയത്രേ. ഇതൊക്കെ നാളെ നിങ്ങൾക്കും ആകാം.

സിവി രാമൻ "രാമൻ പ്രഭാവം" കണ്ടെത്തിയതിന്റെ 92– ാം വാർഷികമാണ് ഈ ഫെബ്രുവരി 28ന്. അതിനാണ് അദ്ദേഹത്തിന് നൊബേൽ സമ്മാനം കിട്ടിയത്. കോളജിൽ പഠിക്കുന്ന



**അർജ്ജുനന്റെ അസ്ത്രം അണവ ആയുധം ആയിരുന്നു എന്നും രാവണന്ന് 12 വിമാനത്താവളങ്ങൾ ഉണ്ടായിരുന്നു എന്നും പശുവിന്റെ മൂത്രം കുടിച്ചാൽ ക്യാൻസർ ഉണ്ടാകില്ലെന്നും മറ്റുമുള്ള മണ്ടത്തരങ്ങൾ ഭരണത്തിലുള്ളവർ പറയുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ അധഃപതിച്ചിരിക്കുന്നു.**



കാലത്തു തന്നെ ഗവേഷണ പ്രബന്ധങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നു. പി സി റേ, എം എൻ സാഹ, എസ് എൻ ബോസ് തുടങ്ങിയ മികച്ച ശാസ്ത്രജ്ഞർ അക്കാലത്ത് നമുക്കിവിടെ ഉണ്ടായിരുന്നു; എന്നാൽ പിന്നീട് ഇന്ത്യ അടിസ്ഥാന ശാസ്ത്രത്തിൽ പിന്നോട്ടു പോയി. ജാതിവ്യവസ്ഥയും കടുത്ത അന്ധവിശ്വാസങ്ങളും ജ്യോത്സ്യം പോലുള്ള കപടശാസ്ത്രങ്ങളും ഭരിക്കുന്നവരുടെ ഇടപെടലുകളും ഒക്കെയാവാം കാരണം. അർജ്ജുനന്റെ അസ്ത്രം അണവ ആയുധം ആയിരുന്നു എന്നും രാവണന്ന് 12 വിമാനത്താവളങ്ങൾ ഉണ്ടായിരുന്നു എന്നും പശുവിന്റെ മൂത്രം കുടിച്ചാൽ ക്യാൻസർ ഉണ്ടാകില്ലെന്നും മറ്റുമുള്ള മണ്ടത്തരങ്ങൾ ഭരണത്തിലുള്ളവർ പറയുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ അധഃപതിച്ചിരിക്കുന്നു. നിങ്ങൾ കുട്ടികൾ ഈ മണ്ടത്തരങ്ങൾക്കൊന്നും കീഴ്പ്പെടാതെ പുത്തൻ അന്വേഷണങ്ങളുമായി മുന്നേറുമെന്ന് ശാസ്ത്രദിനത്തിൽ പ്രതിജ്ഞയെടുക്കൂ. ശാസ്ത്രത്തിലൂടെയേ നമുക്കു മുന്നേറാനാകൂ.

# സ്ത്രീകളും ശാസ്ത്രരംഗവും



ഇന്ദു. എം എസ്



"വെറുതെ എന്തിനാ പെൺകുട്ടികളെ പഠിപ്പിക്കണെ. അവരുടെ ചുമതല കുടുംബത്തെ നോക്കലാണ്." ഇന്ത്യയിലെന്നല്ല ലോകം മുഴുവൻ ഒരുകാലത്ത് ഇതായിരുന്നു സ്ഥിതി.

സ്ത്രീകൾക്ക് പുരുഷന്മാരുടെയത്ര ബുദ്ധിയില്ല. പരീക്ഷണശാലയിലെ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ അവർക്ക് സാധിക്കില്ല... അങ്ങനെ ഒരുപാട് ധാരണകൾ സമൂഹത്തിൽ ഉണ്ടായിരുന്നു. ഇതിനോടെല്ലാം പടവെട്ടി ഉയർന്നുവന്നവരാണ് ഇന്ന് അറിയപ്പെടുന്ന ഒരുപാട് വനിതാ ശാസ്ത്രജ്ഞർ. ബാർബറ മക്‌ലിന്റോക്ക്, മേരിക്യൂറി, ലിസെ മെയ്റ്റ്നർ... എല്ലാവരും ഇവരിൽ ഉൾപ്പെടും.

ഇന്ത്യയിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. പെൺകുട്ടികളെ സ്കൂളിൽ വിടാൻ തുടങ്ങിയപ്പോഴും അവർക്ക് സ്കൂൾ വിദ്യാഭ്യാസം മാത്രമേ നൽകേണ്ടതുള്ളൂ എന്നാണ് സമൂഹം കരുതിയത്. ജാനകി അമ്മാൾ, അസീമ ചാറ്റർജി, അതിഥി പാന്ത് തുടങ്ങി കൽപ്പന ചൗള വരെ ഉയർന്നുവന്നവരെല്ലാം ഒരുകാലത്ത് സമൂഹത്തിനു മുന്നിൽ നിഷേധികളായിരുന്നു.




ഇന്ന് പെൺകുട്ടികളും ആൺകുട്ടികളും ശാസ്ത്രം ഒരുപോലെ കൈയെത്തി പിടിക്കുന്നുണ്ടെങ്കിലും ശാസ്ത്രം പെൺകുട്ടികൾക്കും കൂടിയാക്കി തീർത്തവരെ നമ്മളോർക്കേണ്ടതുണ്ട്.

ഇത്തവണത്തെ ദേശീയ ശാസ്ത്രദിനാചരണത്തിന്റെ പ്രത്യേക വിഷയം ശാസ്ത്രരംഗത്തെ സ്ത്രീകൾ എന്നതാണ്. ശാസ്ത്രദിനാചരണ വേളയിൽ ശാസ്ത്രരംഗത്തെ സ്ത്രീകളെക്കുറിച്ചുള്ള ഒരു പോസ്റ്റർ പ്രദർശനം സ്കൂളിൽ സംഘടിപ്പിക്കൂ. എന്തുകൊണ്ട് ശാസ്ത്ര മേഖലയിലേക്ക് ഇന്നും കൂടുതൽ സ്ത്രീകൾ എത്തിപ്പെടുന്നില്ല എന്ന് ചർച്ച ചെയ്യൂ.

## പ്രത്യേക ശ്രദ്ധയ്ക്ക്

കൂട്ടുകാരുടെ ഉപയോഗത്തിന് മാത്രമായി ഒരു വാട്സ് ആപ്പ് നമ്പർ. നിങ്ങളുടെ രചനകൾ, സംശയങ്ങൾ, കത്തുകൾ, മത്സരങ്ങളുടെ ഉത്തരങ്ങൾ എന്നിവയെല്ലാം അയയ്ക്കാൻ മാത്രമായി ഒരു നമ്പർ. രേഖപ്പെടുത്തി വെച്ചോളൂ.. **9497 172 919**

വാട്സ് ആപ്പിനു പകരം ടെലഗ്രാം ആപ്പും ഉപയോഗിക്കാം.

**പ്രത്യേകം ഓർമിക്കുക,**



* മത്സരങ്ങൾക്കും മറ്റുമുള്ള ഉത്തരങ്ങൾ യുറീക്കയിലൂടെ മാത്രമേ ലഭിക്കൂ. അതുവരെ കാത്തിരിക്കണം.

** ഓഫീസിൽ നിന്ന് പരിഹരിക്കേണ്ട, വിലാസമാറ്റം, യുറീക്ക ലഭിക്കാത്ത പരാതി തുടങ്ങിയ കാര്യങ്ങൾ ഓഫീസ് നമ്പറിലേക്കാണ് അറിയിക്കേണ്ടത്. അത്തരം കാര്യങ്ങൾക്കുള്ള പരിഹാരങ്ങൾ ഈ നമ്പറിൽ നിന്ന് ലഭിക്കില്ല.

പദപ്രശ്നം പൂരിപ്പിച്ച് പേരും വിലാസവും എഴുതിയശേഷം ഫോട്ടോ എടുത്ത് ടെലഗ്രാം/വാട്സപ്പ്/അയയ്ക്കുക (ഏതെങ്കിലും ഒന്നിലയച്ചാൽ മതി).

: 9497172919




## താഴോട്ട്

1. പൂമൊട്ടാണ്; കലിപ്പുവേണ്ട.
2. ഉപ്പാണ്.
3. പേരിൽ ഈ സ്ഥലനാമം ചേർത്ത നാടകകൃത്തും നാടകസംവിധായകനുമായ ഒരാൾ ഉണ്ടായിരുന്നു.
4. പകുതിവട്ടത്തിലുള്ള വാതിലാണ്. അലങ്കാരവാതിൽ.
7. രാത്രി.
9. ഒരു പുരാണ കഥാപാത്രമാണ്. ഈ പേരിൽ പ്രസിദ്ധമായ ഒരു നോവലുണ്ട്.
11. മായ അഥവാ ഇന്ദ്രജാലം കാണിക്കുന്നവനാണ് ഈയാൾ.
12. ഓർമ തന്നെ ഇത്.
13. പേരു കേട്ട് മൂന്നു തലയുണ്ട് എന്ന വിചാരം വേണ്ട. ഒറ്റത്തലയനാണ്... ഉരഗമാണ്. കരയിലും കാണും ജലാശയത്തിലും കാണും.
14. ഇല്ലാത്തത്.

## വലത്തോട്ട്

1. കടലും കടലാടിയുമല്ല; പയറാണ് വർഗം.
3. ആദ്യ രണ്ടക്ഷരത്തിൽ മാത്രം ഒരു പന്തി (നിര)യുണ്ട്. മൂന്നാമനെ ചേർത്ത് 'വന്നാലും' എന്ന് പറയാമല്ലോ.
5. വലയല്ല; വലിക്കരുത് ഇത് വലുതാണ്, ട്ടാ.
6. വസ്തുവെന്നോ, സാധനമെന്നോ, ശരീരമെന്നോ അർഥമാക്കാം. എന്നാൽ കാരണമല്ല തന്നെ
8. ലയിക്കുന്നതിനെയാണ്....
10. നമ്മുടെ ഭാഷയിലെ ആദ്യാക്ഷരം.
11. മാനമുള്ള സ്ത്രീയാണ്.
12. മോരുമായി താരതമ്യം വേണ്ട; ചേരില്ല.
15. 'പുതുമ' ആയിക്കോട്ടെ.
16. വിതച്ചാൽ കിട്ടും.
17. സുന്ദരമെന്നാണ് ഒരർഥം. ഇക്കാലത്ത് ആയാസമില്ലാതെ മനസ്സിലാവുന്നത് എന്ന അർഥമുണ്ട്.

## 5 പേർക്ക് സമ്മാനങ്ങൾ...

**പദപ്രശ്നം കിട്ടേണ്ട അവസാന തീയ്യതി : ഫെബ്രുവരി 25, 2020**

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

2/ 2020

| | | | | | | |
|---|---|---|---|---|---|---|
| 1 | | 2 | | 3 | | 4 |
| | | 5 | | | | |
| 6 | 7 | | | 8 | 9 | |
| | | | 10 | | | |
| 11 | | 12 | | 13 | | 14 |
| | | 15 | | | | |
| 16 | | | | 17 | | |

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

പേര് : ..............................................................

ക്ലാസ് :.............................................................

സ്കൂൾ വിലാസം :.........................................

..............................................................................

പോസ്റ്റ് :...........................................................

ജില്ല :................................................................

ഫോൺ :.............................................................

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

### പദപ്രശ്നം – ജനുവരി 16 ഉത്തരവും വിജയികളും

| | | | | | | |
|---|---|---|---|---|---|---|
| 1 ഉ | ട | 2 മ | | 3 ര | ജ | 4 ത |
| ല്ല | | 5 തി | ര | ണ്ടി | | ളി |
| 6 വ | 7 കു | ഷ് | | 8 ല | 9 തി | ക |
| | തി | | | | മി | |
| 10 കു | ര | 11 വ | | 12 പ | ല | 13 ക |
| റ്റ | | 14 ല | ഹ | രി | | വ |
| 15 മ | ലേ | യം | | 16 ധി | ക്കാ | രം |

**ശിവാനി ടി.ജി.,** 6 എ,
എച്ച് എസ് എസ് പെരിങ്ങോട്, കൂറ്റനാട്,
പി.ഒ. പെരിങ്ങോട്, പാലക്കാട്.

**അഷിൻ പി.പി.,** 5–ാം തരം, മട്ടന്നൂർ യു പി
സ്കൂൾ, കൊളോളം, പി.ഒ. പട്ടാന്നൂർ, കണ്ണൂർ.

**സെലസ്റ്റിൻ സി.ജെ,** 4 ാം തരം,
ജി ജെ യു പി എസ് ആയിരമേക്കർ, അടിമാലി,
ഇടുക്കി.

**സമീർ അമിൻ,** 7 സി, കെ ഇ സ്കൂൾ,
മാന്നാനം, പി.ഒ. മാന്നാനം,
കോട്ടയം 686561.

**സിനാഷ,** 8 സി, ഡയറ്റ് ലാബ് സ്കൂൾ,
മൈപ്പാടി, പി.ഒ. മൈപ്പാടി, കാസറഗോഡ്.



# നമ്മുടെ ഗാന്ധി

## (2020 ജനുവരി 16 ലക്കം)

ശരിയുത്തരം എഴുതിയവരിൽനിന്നും തെരഞ്ഞെടുത്തവർ.

1. **നൈസമറിയം,** 4 എ, എരവട്ടൂർ എ.എം.എൽ.പി.എസ്., എടവരാട് പി.ഒ., കോഴിക്കോട്
2. **നിരഞ്ജൻ ആർ. നമ്പീശൻ** , 4 എ, ക്രൈസ്റ്റ് വിദ്യാനികേതൻ, ഇരിങ്ങാലക്കുട പി.ഒ., തൃശ്ശൂർ
3. **അമൽ വി.ടി.,** 3 ാം തരം, ജി.എൽ.പി.എസ്. തേലക്കാട്, തേലക്കാട് പി.ഒ., മലപ്പുറം
4. **ഋതുനന്ദ പി.സി.,** 5 ബി, ദേശമിത്രം യു.പി.സ്കൂൾ, മലപ്പട്ടംപി.ഒ., കണ്ണൂർ
5. **ഹന മർയം സി.,** 4 ാം തരം, എളേടത്ത് മാടമ്പ എ.എം.എൽ.പി.സ്കൂൾ, മുന്നൂർക്കോട് പി.ഒ., പാലക്കാട്.

**ഉത്തരം**

| | | | | |
|---|---|---|---|---|
| 1 | 1 | 9 | 1 | 7 |
| 2 | 1 | 9 | 2 | 2 |
| 3 | 1 | 9 | 1 | 9 |
| 4 | 1 | 9 | 3 | 0 |
| 5 | 1 | 9 | 3 | 2 |
| 6 | 1 | 9 | 4 | 2 |
| 7 | 1 | 9 | 4 | 8 |

# ഞങ്ങൾ ഗ്രഹണം കണ്ടേ...

## സിന്ദാബാദ്.. സിന്ദാബാദ്..

രാവിലെ 7 മണിയായിക്കാണും. ഞങ്ങൾ ഒരു സംഘം കുട്ടികളും അധ്യാപകരും രക്ഷിതാക്കളും ഇടനാടൻ ചെങ്കൽക്കുന്നുകളിലൊന്നായ മാടായിപ്പാറയിൽ എത്തിച്ചേർന്നു. 8 മണി വരെ അവിടെ ചെറിയ ഒരു ക്ലാസുണ്ടായിരുന്നു. 8.05 നു ശേഷമാണ് ആ വിസ്മയക്കാഴ്ച. നിഴൽ നാടകം – സൂര്യഗ്രഹണം. വെറും സൂര്യഗ്രഹണമല്ല വലയസൂര്യഗ്രഹണം. ഞങ്ങളെല്ലാവരും 'സൗരക്കണ്ണടകൾ' വച്ച് അക്ഷമരായിരുന്നു. അതാ നിഴൽനാടകത്തിന്റെ ആരംഭം. സൗരക്കണ്ണടയിലൂടെ നോക്കുമ്പോൾ ചന്ദ്രനെപ്പോലെ തോന്നുന്നു. ഒരു മുക്കാൽ ഭാഗം ചന്ദ്രൻ. പക്ഷേ, അത് സൂര്യനാണ്.

ഇടവിട്ടിടവിട്ട് സൂര്യനെ നോക്കി. അപ്പോഴാണ് ഒരു ബുദ്ധിയുദിച്ചത്. ഞാനും എന്റെ കൂട്ടുകാരും ചേർന്ന് ഒരു പേപ്പറിന്റെ നടുവിനെ വട്ടത്തിൽ മുറിച്ച് കണ്ണാടിയിൽവച്ച് ആ ദൃശ്യം ബുക്കിന്റെ പേപ്പറിൽ പതിപ്പിക്കാൻ നോക്കി. പക്ഷേ അതങ്ങ് ശരിയായില്ല.

വീണ്ടും സൗരക്കണ്ണടയിലേക്ക്... 9.10 ആയി. ചന്ദ്രൻ ഏതാണ്ട് സൂര്യനെ മറച്ചുതീരാനായി. അപ്പോൾ അന്ധവിശ്വാസ പ്രചാരകർക്ക് തക്ക മറുപടി നൽകിക്കൊണ്ട് ഞങ്ങൾ എല്ലാവരും ഭക്ഷണം കഴിച്ചു. നയനസുന്ദരമായ കാഴ്ച. ഈ കാഴ്ച പകർത്താൻ ക്യാമറകളോ മൊബൈലുകളോ വേണ്ട. നമ്മുടെ മനസ്സുമതി. ആ കാഴ്ച ആവേശവും ആഹ്ലാദവും പകർന്നു. ഞങ്ങൾ ഉറക്കെ വിളിച്ചു: "ഞങ്ങൾ ശാസ്ത്രത്തോടൊപ്പം."

"അന്ധവിശ്വാസം തുലയട്ടെ, ശാസ്ത്രം ജയിക്കട്ടെ."

ചന്ദ്രൻ മെല്ലെ സൂര്യനെ വിട്ട് പോവാൻ തുടങ്ങി. അപ്പോൾ കൂട്ടത്തിൽ ആരോ ഒരാൾ പതിയെ പറയുന്നത് ഞാൻ കേട്ടു "സഖാവ് ചന്ദ്രൻ സിന്ദാബാദ്..."

**നീരജ് ഡി.വി.**
*(നീരജ് വിലാസമെഴുതാൻ വിട്ടു.)*

## അടുത്ത കത്ത് നാസയിൽ നിന്ന്

ഡിസംബർ 26 ന് രാവിലെ അമ്മവീട്ടിൽ പോകാം എന്നായിരുന്നു തീരുമാനം. വലിയ ഉത്സാഹത്തിലായിരുന്നു ഞാൻ. സാധാരണ അവധിയായാൽ എട്ടുമണിവരെ ഉറങ്ങുന്ന

സൺബാത്ത് എന്നു പറഞ്ഞ് നിങ്ങൾ വലിയ തുക വാങ്ങിയതല്ലേ. എന്നിട്ട് ഇവിടെ സൂര്യനെ ബ്ലാക്ക് ഔട്ട് ചെയ്തു വച്ചിരിക്കയാണല്ലോ മിസ്റ്റർ...



ചിത്രീകരണം: അനിൽ തമ്പായ്

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF THE EUREKA FORTNIGHTLY (MALAYALAM) – FORM IV

| | | | |
|---|---|---|---|
| 1. | Place of publication | : | Kozhikode |
| 2. | Periodicity of publication | : | Fortnightly |
| 3. | Printer's name | : | Meerabai T.K |
| | Nationality | : | Indian |
| | Address | : | Parishad Bhavan,<br>Kozhikode –673002 |
| 4. | Publisher's name | : | Meerabai T.K |
| 5. | Editor's name | : | C.M.Muraleedharan |
| | Nationality | : | Indian |
| | Address | : | Parishad Bhavan, Kozhikode – 673002 |
| 6 | Name & address of individuals who own the newspaper or share holders holding more than 1% of the total capital | : | Kerala Sasthrasahithya Parishad<br>Kozhikode, 673002 |

I T.K. Meerabai hereby declare that the particulars given above are true to the best of my knowledge and belief.

Kozhikode
20/02/2020

sd/-
T.K. Meerabai

ഞാനന്ന് 5 മണിക്ക് തന്നെ എഴുന്നേറ്റ് യുറീക്ക തന്ന സൗരക്കണ്ണടയും എടുത്ത് ഒരുങ്ങിനിന്നു.

തൃശ്ശൂരിൽ 8.15 ന് തുടങ്ങുമെന്ന് പത്രത്തിൽ കണ്ടിരുന്നു. എന്നാൽ എട്ടരയായിട്ടും അന്തരീക്ഷത്തിൽ വലിയ മാറ്റമൊന്നും കണ്ടില്ല. ഏകദേശം 9 മണിയായപ്പോഴേക്കും വെയിൽ മങ്ങി. അന്തരീക്ഷം ആകെ ഇരുണ്ടു, മഴ പെയ്യാൻ പോകുന്നതുപോലെ. ഗ്രഹണവുമായി ബന്ധപ്പെട്ട അന്ധവിശ്വാസങ്ങളെപ്പറ്റി വായിച്ചറിഞ്ഞതൊക്കെ അച്ഛമ്മയുടെയടുത്ത് പ്രയോഗിക്കാം എന്നു കരുതി ചെന്നപ്പോൾ അച്ഛമ്മ കളിയാക്കി ചിരിക്കുകയാണുണ്ടായത്. ഞാനാകെ ചമ്മി. എങ്കിലും ഉള്ളിൽ സന്തോഷമുണ്ടായിരുന്നു; വീട്ടിൽ കതകടച്ചിരുന്ന അവസ്ഥയിൽ നിന്ന്, മൈതാനങ്ങളിൽ ഒത്തുചേർന്ന് ഗ്രഹണം നിരീക്ഷിക്കുന്ന കേരള ജനതയുടെ സ്ഥിതി ഓർത്ത്. മാത്രവുമല്ല, ഞങ്ങളേക്കാൾ ഗ്രഹണം കാണാൻ തിടുക്കം അച്ഛമ്മയ്ക്കായിരുന്നു.

9.30 ആയപ്പോഴേക്കും ആകാശം ആകെ കറുത്തിരുണ്ടു. പുലർകാലം പോലെയായി. ഞാൻ സൗരക്കണ്ണടയുമെടുത്ത് മുറ്റത്ത് നിന്ന് നിരീക്ഷിച്ചു. നിരീക്ഷണം അവസാനിപ്പിച്ച് ടിവി യിൽ വാർത്ത കണ്ടു. അതിൽ പല സ്ഥലങ്ങളിൽ നിന്നുള്ള ദശ്യങ്ങൾ കാണിച്ചിരുന്നു. യുറീക്കയെപ്പറ്റിയും പരാമർശമുണ്ടായിരുന്നു കേട്ടോ. കണ്ണടകൾ വിതരണം ചെയ്തതിനെക്കുറിച്ചും, ഗ്രഹണം പ്രത്യേക പതിപ്പിനെപ്പറ്റിയും കുട്ടികളെ ശാസ്ത്രത്തിലേക്ക് ആകൃഷ്ടരാക്കിയതിനെപ്പറ്റിയും പറഞ്ഞിരുന്നു. യുറീക്കയ്ക്ക് എന്റെ അഭിനന്ദനങ്ങൾ!

ഇനി 2031 ലാണ് അടുത്ത ഗ്രഹണം എന്ന് പത്രത്തിൽ കണ്ടു. അപ്പോൾ ഞാൻ നാസയിലിരുന്ന് ഗ്രഹണം നിരീക്ഷിക്കും...

**പത്മപ്രിയ നായർ**, എഴുവപറമ്പിൽ വീട്, പി.ഒ. അന്തിക്കാട്, തൃശ്ശൂർ – 680641



**അബ്ദുൽ ഖാദർ ബി.സി.**

ചിത്രീകരണം : കെ പി മുരളീധരൻ

# കഥാസരിത് സാഗരം

കൂട്ടുകാർ 'കഥാസരിത് സാഗരത്തെ'ക്കുറിച്ച് കേട്ടിട്ടുണ്ടോ? ചുറ്റും കൂടിയ കുട്ടിപ്പട്ടാളത്തോടായി മാഷുമാമൻ ചോദിച്ചു.

"കഥാസരിത് സാഗരമോ?"

"അതെ... കഥാസരിത് സാഗരം തന്നെ! കഥകളാകുന്ന നദികൾ ചേർന്ന മഹാസമുദ്രം!"

"സോമദേവഭട്ടർ എഴുതിയ കഥാസരിത് സാഗരമാണോ?" ആമി ചോദിച്ചു.

"അതെ... സോമദേവഭട്ടർ തന്നെ രചയിതാവ്."

"സാഹിത്യ ക്വിസിന് തയ്യാറായപ്പോൾ പഠിച്ചതാ... കഥാസരിത് സാഗരമെഴുതിയത് സോമദേവഭട്ടർ എന്ന്."

"ശരി... നമ്മുടെ പഠനം പലപ്പോഴും ഇങ്ങനെയാ... ക്വിസിനും പരീക്ഷകൾക്കും വേണ്ടി. പോട്ടെ, മാഷ് ഇന്ന് കഥാസരിത് സാഗരത്തിന്റെ കഥ പറഞ്ഞാലോ?"

"മാഷ് മാമന്റെ ഇഷ്ടം... ഞങ്ങൾക്ക് കഥ കേൾക്കണം. അത്രമാത്രം!" കൂട്ടത്തിൽ തമാശക്കാരനായ ആരുഷിന്റെതാണ് കമന്റ്.

"ഓ കെ... നമുക്ക് പാർക്കിൽ പോയിരുന്നാലോ... ഇന്ന് മഴയില്ലല്ലോ." മാഷ് മാമൻ അലമാരയിൽ നിന്ന് ഒരു തടിച്ച പുസ്തകം എടുത്ത് പുറത്തേക്ക് നടന്നു. ലൈബ്രറിയോട് ചേർന്ന് കിടക്കുന്ന നെഹ്റു പാർക്കിലേക്ക്.

പേരമരത്തണലിൽ അടുത്തടുത്തായുള്ള സിമന്റ് ബെഞ്ചുകൾ പെട്ടെന്ന് തന്നെ ആരുഷും ആമിയും ചേർന്ന് തുടച്ച് വൃത്തിയാക്കി.

മാഷ് കഥ പറയാൻ തുടങ്ങി...

"ലോകത്തിലെ ഏറ്റവും പഴക്കമേറിയ കഥകളുള്ളത് കഥാസരിത് സാഗരത്തിലാണ്. ആദ്യം ഒരു കഥ പറയും. പിന്നെ ഒരു ഉപകഥ. ഉപകഥ



കൾക്ക് വീണ്ടും ഉപകഥകൾ... കുറേ കഥകൾ കഴിഞ്ഞാണ് ആദ്യകഥയിൽ എത്തുക. ഇങ്ങനെ അനേകമനേകം കഥകൾ കെട്ടുപിണഞ്ഞു കിടക്കുന്നതാണ് കഥാസരിത് സാഗരം. അതിനെക്കുറിച്ചുതന്നെ ഒരു കഥയുണ്ട്. അത് പറയാം.

പ്രാചീന ഭാരതത്തിൽ 'ഗുണാഢ്യൻ' എന്നൊരു മഹർഷി ജീവിച്ചിരുന്നു. ജ്ഞാനിയായ ഗുണാഢ്യൻ കാശ്മീര രാജ്യത്തെ രാജാവായിരുന്ന 'സാതവാഹന' രാജാവിന്റെ സദസ്യനായിരുന്നു. ഗുണാഢ്യനോട് രാജസദസ്സിലെ മറ്റ് പലർക്കും അസൂയയുണ്ടായിരുന്നു. അസൂയാലുക്കൾ ഗുണാഢ്യനെക്കുറിച്ച് അപവാദങ്ങൾ പറഞ്ഞ് പരത്തി.



അങ്ങനെയൊരിക്കൽ ഗുണാഢ്യൻ കൊട്ടാരം വിട്ടു. അദ്ദേഹം ഭാരതദേശത്ത് ഗ്രാമങ്ങളിലൂടെ നടന്നു. കാട്ടുജാതിക്കാരുടെ ഇടയിൽ താമസിച്ചു. അവരുടെ ജീവിതം കണ്ടു. അവരുടെ ഭാഷ പഠിച്ചു. പൈശാചിയായിരുന്നു അവരുടെ ഭാഷ. സംസ്കൃതത്തിന് മാത്രം മേൽക്കോയ്മയുണ്ടായിരുന്ന കാലമായിരുന്നു അത്. കൊട്ടാരത്തിലും, കൊട്ടാര സദസ്സുകളിലുമൊക്കെ സംസ്കൃതം മാത്രം. കാട്ടുജാതിക്കാരുടെ ഭാഷയെ ഹീനഭാഷയായാണ് കരുതിയിരുന്നത്.

'പൈശാചി' പഠിച്ചതോടെ, സാധാരണക്കാരുടെ ഇടയിൽ പ്രചരിച്ചിരുന്ന നാടോടി കഥകളുടെ മഹത്വം ഗുണാഢ്യനെ അത്ഭുതപ്പെടുത്തി. ഈ നാടോടി കഥാ പാരമ്പര്യത്തെക്കുറിച്ചായി ഗുണാഢ്യന്റെ അന്വേഷണം.

ശേഖരിച്ച കഥകളത്രയും എഴുതി സൂക്ഷിക്കാനായി പിന്നത്തെ ശ്രമം. കാടിന് നടുവിൽ ഒരാശ്രമം പണിത് ഗുണാഢ്യൻ എഴുതാനാരംഭിച്ചു. ഗ്രാമീണരായ കാട്ടുജാതിക്കാർ അദ്ദേഹത്തിന് എല്ലാ സഹായവും ചെയ്തുകൊടുത്തു.

ഏഴ് നീണ്ട വർഷങ്ങൾ... അങ്ങനെ ബൃഹദ്കഥ പൂർത്തിയായി.

എഴ് ഭാഗങ്ങളിലായി തരംതിരിച്ച ബൃഹദ് കഥയുമായി ഗുണാഢ്യൻ സാതവാഹന രാജാവിന്റെ അടുത്തെത്തി. തന്റെ ഈ മഹത്തായ ശ്രമത്തെ രാജാവ് അഭിനന്ദിക്കുമെന്നും രാജ

പ്രീതി തന്റെ കഥയ്ക്ക് കീർത്തിയുണ്ടാക്കുമെന്നും കരുതി കൊട്ടാരത്തിലെത്തിയ ഗുണാഢ്യന് തെറ്റി. ഹീനഭാഷയായ 'പൈശാചി'യിലെഴുതിയ ബൃഹദ് കഥ സ്വീകരിക്കാൻ രാജാവ് തയ്യാറായില്ല. അത് മാത്രമല്ല രാജസദസ്സിൽ അദ്ദേഹം അപമാനിക്കപ്പെടുകയും ചെയ്തു.

ദുഃഖിതനായ ഗുണാഢ്യൻ കൊട്ടാരത്തിനടുത്തുള്ള ഒരു കുന്നിൽ വലിയ തീക്കുണ്ഡമൊരുക്കി. ബൃഹത് കഥയിലെ ഓരോ ശ്ലോകവും എടുത്ത് വായിക്കാൻ തുടങ്ങി. ഇത് അറിഞ്ഞ നാട്ടുകാർ ചുറ്റും കൂടി. ശിഷ്യന്മാരും എത്തി. ഓരോ കഥയും വായിച്ച് വിശദീകരിച്ച് അത് തീയിലിട്ടു. ഭാവനാസാന്ദ്രമായ കഥപറച്ചിൽ മനുഷ്യരെ മാത്രമല്ല പക്ഷിമൃഗാദികളെപ്പോലും അങ്ങോട്ട് ആകർഷിച്ചത്രെ. ദിവസങ്ങൾ നീണ്ടുനിന്ന ഈ കഥാഹോമം രാജാവിന്റെ ശ്രദ്ധയിലും പെട്ടു. രാജാവ് അഗ്നികുണ്ഡത്തിനടുത്തേക്ക് ഓടിയെത്തി. ഗുണാഢ്യനോട് ക്ഷമചോദിച്ചു. ഇനി ശ്ലോകങ്ങൾ അഗ്നിക്കിരയാക്കരുതെന്ന് ആവശ്യപ്പെട്ടു.

ഗുണാഢ്യന്റെ അവശേഷിക്കുന്ന കഥകൾ പിന്നീട് സോമദേവഭട്ടർ ശേഖരിച്ച് പുസ്തകമാക്കുകയായിരുന്നു. അതാണ് കഥാസരിത് സാഗരമെന്ന ഈ പുസ്തകം."




മാഷ് മാമൻ തന്റെ കയ്യിലുള്ള കഥാസരിത് സാഗരം ഉയർത്തിക്കാണിച്ചു.

"വത്സ രാജാവായ ഉദയനന്റെ പുത്രനായ നരവാഹനദത്തന്റെ കഥയാണിത്. മുഖ്യ കഥയോട് മുന്നൂറിലധികം ഉപകഥകൾ ബന്ധിപ്പിച്ചിരിക്കുന്നു. പുരൂരവസ്സിന്റെയും വിക്രമാദിത്യന്റെയും വേതാളത്തിന്റെയും കഥകൾ കഥാസരിത് സാഗരത്തിലുണ്ട്. ഒട്ടേറെ ജന്തുകഥകളും നാടോടിക്കഥകളുമുണ്ട്. കപടവേഷക്കാരെ ഇകഴ്ത്തുന്ന കഥകളുണ്ട്. നല്ലവരെ വാഴ്ത്തുന്ന കഥകളുണ്ട്. മനുഷ്യമനസ്സിലെ അരുതായ്മകളെ ഇല്ലാതാക്കുവാൻ കിട്ടിയ അവസരം സമർഥമായി ഉപയോഗിച്ച് ഓരോ കഥയും കരുത്തുനേടുന്നു.

നമ്മുടെ കഥാപാരമ്പര്യത്തിന്റെ വളർച്ചയിൽ വലിയ സ്വാധീനം ചെലുത്തിയ ഈ കഥകൾ എ.ഡി. 1063 നും 1077 നുമിടക്കാണ് രചിക്കപ്പെട്ടത്. പ്രൊഫസർ സി.കെ.നവസ്സ്യയാണ് കഥാസാഗരം മലയാളത്തിലാക്കിയത്." മാഷ് മാമൻ പറഞ്ഞ് നിർത്തി.

അപ്പോഴാണ് സാദിയക്കൊരു സംശയം. "മാമാ... ഈ ഗുണാഢ്യനെക്കുറിച്ച് വേറൊരു കഥ കേട്ടിട്ടുണ്ടല്ലോ..."

"അതെന്ത് കഥയാ മോളേ...?"

"അതോ... പാർവതിയും ശിവനും കഥ പറയുമ്പോൾ ഒളിച്ചിരുന്ന് കഥ കേട്ടതിന് മാല്യവാനെ ശപിച്ചത്? എവിടെയൊ വായിച്ചത് ഓർമയുണ്ട്... ശരിക്കൊട്ട് അറിയുകയുമില്ല."

"അത് ശരിയാ... ശിവനും പാർവതിയുമായി ബന്ധപ്പെട്ട് ഈ കഥയ്ക്ക് ഒരു ആമുഖം കൊടുക്കാറുണ്ട്... അത് നമുക്ക് പിന്നീടൊരിക്കലാവാമെന്ന് തോന്നുന്നു. നേരം കുറെയായില്ലേ

## പാട്ടും പാടി ജയിക്കാം

ശാസ്ത്രദിനം പ്രമാണിച്ച് രണ്ട് ശാസ്ത്രഗാനങ്ങളുടെ വീഡിയോ കണ്ടാലോ? രണ്ടും ഇംഗ്ലീഷിലുള്ളതാണ്. നിങ്ങൾക്ക് ഇഷ്ടപ്പെടും എന്നാണ് യുറീക്ക കരുതുന്നത്. ആദ്യത്തേത് ശീതകാലനിദ്ര (ഹൈബർനേഷൻ), ബാഷ്പീകരണം (ഇവോപ്പറേഷൻ), ഭൂഗുരുത്വം(ഗ്രാവിറ്റി), രൂപപരിണാമം (മെറ്റഫോർമസിസ്) എന്നിവയെക്കുറിച്ചാണ്. ശാസ്ത്രത്തിന്റെ രീതിയേക്കുറിച്ചാണ് രണ്ടാമത്തേത്.

ആദ്യഗാനത്തിൽ പറഞ്ഞ നാല് കാര്യങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കി യുറീക്കയ്ക്ക് അയയ്ക്കൂ.. ഒപ്പം പാട്ടുകളെക്കുറിച്ചുള്ള അഭിപ്രായവും വാട്സ് ആപ്പ് ചെയ്യൂ... **9497 172 919**

### അധ്യാപകരോട്

ഇതുപോലുള്ള വീഡിയോകൾ നമ്മുടെ ഭാഷയിൽ ഉണ്ടാവുന്നില്ല എന്നത് ദുഃഖകരമാണ്. അധ്യാപകരുടെ കൂട്ടായ്മകൾക്ക് ഇത്തരം പഠനോപാധികൾ സൃഷ്ടിക്കുന്നതിൽ പലതും ചെയ്യാനാവും എന്ന് യുറീക്ക കരുതുന്നു.

# മരം പോലെ നിൽക്കുകയെന്നാൽ...



സുഖദൻ താനൂർ

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



മരം പോലെ നിൽക്കുകയെന്നാൽ
വെയിലാളുമാകാശക്കവിളുകളിൽ
കുളിരുള്ള പൂവുമ്മ നൽകലാവാം.
എണ്ണിയാൽ തീരാത്ത നീൾവിരൽക്കൈകളാൽ
മണ്ണിനെ മാർചേർത്തു നിൽക്കലാവാം.
മണ്ണിന്റെ കനിവുകൾ തൊട്ടുതൊട്ടങ്ങനെ
മുകിലിന്റെ രൂപം തീർക്കലാവാം.
സൂര്യതാപം കൊണ്ടു, കരി*കൊണ്ടിലകളിൽ
അക്ഷയമന്നം വയ്ക്കലാവാം.
കല്ലേറിനൊക്കെയും പകരമായ് നൽകുവാൻ
തേൻകനി ശാഖയിൽ ഞാത്തലാവാം
വേരറ്റു മണ്ണിൽ വീഴലല്ല
ഓർമ തന്നടരിൽ പടരലാവാം

*കാർബൺ

# സൃഷ്ടി





## സാന്ത വരുമ്പോൾ

**ശ്രീവർഷ പി**
7 ബി, സെൻറ് ജോൺ ബാപ്റ്റിസ്റ്റ്
ഇ എം എച്ച് എസ്,
കടത്തുംകടവ്, ഇരിട്ടി,
കണ്ണൂർ – 670703

ചിത്രീകരണം:
**വിസ്മയ പി എസ്,**
8 എ, ജി ജി എച്ച് എസ് എസ്, ചാലപ്പുറം.

സാന്ത വരുന്ന ക്രിസ്മസ് നാളിൽ
സമ്മാനങ്ങളായ് ഞങ്ങൾക്കരികിൽ
ക്രിസ്മസ് ട്രീയുടെ അടിയിൽ നിറയെ
സമ്മാനപ്പൊതി മാടി വിളിക്കും
പുത്തനുടുപ്പുകൾ കളിപ്പാട്ടങ്ങൾ
ക്രിസ്മസ് രാവിന്നുത്സവമാകും
ആനന്ദത്താൽ ഞങ്ങളുറങ്ങും
ഉണരും തിരുപ്പിറവി കണ്ടിടാൻ

## കുട്ടനാട്

**വിശ്വജിത്ത്,** 3 എ, ലേക്ക് ഫോർട്ട് സ്കൂൾ, കാവനാട്, കൊല്ലം

ഞാൻ ഈയിടെ കുട്ടനാട്ടിൽ പോയി.

ആദ്യം കണ്ണിൽ പെട്ടത് അവിടുത്തെ കായലായിരുന്നു. കായലിൽ നിറച്ചും ആമ്പൽ ഉണ്ട്. പിന്നെ, നിങ്ങൾക്ക് അറിയാമല്ലോ, കുട്ടനാട്ടിൽ നിറയെ വയലുകളാണ്. കാണേണ്ട കാഴ്ചയാണത്. നിങ്ങളും പോകണം, ഒരു വട്ടമെങ്കിലും കുട്ടനാട്ടിൽ.



ചിത്രീകരണം: **ഷർമിയ കെ,**
3, നിർമൽ ഹൃദയ സ്കൂൾ, കാളൂർ റോഡ്,
കോഴിക്കോട്.

# അപ്പുവിന്റെ സന്തോഷം

**മെസ്ന കെ വി,**
5 ബി, ജി എച്ച് എസ് എസ്, ടാഗോർ വിദ്യാനികേതൻ, തളിപ്പറമ്പ്, കണ്ണൂർ.

സ്കൂൾ അടച്ചു. അവധിക്കാലം തുടങ്ങി. പട്ടണത്തിൽ താമസിക്കുന്ന അപ്പുവിനെ അച്ഛൻ ഗ്രാമത്തിലെ മുത്തച്ഛന്റെ അടുത്ത് കൊണ്ടു വിട്ടു. വയലിനോട് ചേർന്ന ഒരു ഓലമേഞ്ഞ വീട്ടിലായിരുന്നു മുത്തച്ഛന്റെ താമസം. കൃഷിക്കാരനായിരുന്നു അദ്ദേഹം. അപ്പുവിന്റെ അച്ഛന് കൃഷിയോട് താൽപര്യം ഉണ്ടായിരുന്നില്ല.



ചിത്രീകരണം: **നിരഞ്ജൻ കെ എ,**
6, നിർമൽ ഹൃദയ സ്കൂൾ, കാളൂർ റോഡ്, കോഴിക്കോട്.

വയൽ വരമ്പത്തെ മരച്ചുവട്ടിലിരുന്ന് മുത്തച്ഛൻ അപ്പുവിന് കൃഷിയെ സംബന്ധിച്ച കാര്യങ്ങളെല്ലാം പറഞ്ഞു കൊടുത്തു. കുറച്ചു സമയം കഴിഞ്ഞപ്പോൾ നിലം ഉഴുന്നയാൾ വിശ്രമിക്കാൻ വേണ്ടി മരച്ചുവട്ടിലേക്ക് വന്നു. അപ്പു അയാളെ പരിചയപ്പെട്ടു. നിലം ഉഴുന്നതിനെക്കുറിച്ച് ചോദിച്ചു മനസ്സിലാക്കി. അവൻ പെട്ടെന്ന് വയലിൽ ഇറങ്ങി നിലം ഉഴുന്ന ജോലി ചെയ്തു നോക്കി. നല്ല രസം. അപ്പുവിന് ഇഷ്ടമായി. മുത്തച്ഛനും സന്തോഷമായി.

അന്ന് രാത്രി അപ്പു അച്ഛന് ഒരു കത്തെഴുതി. അവധിക്കു ശേഷം ഗ്രാമത്തിലെ പള്ളിക്കൂടത്തിൽ പഠിച്ചോട്ടെ എന്നതായിരുന്നു കത്തിന്റെ ഉള്ളടക്കം.

സ്കൂൾ തുറന്നു. അപ്പു ഗ്രാമത്തിലെ പള്ളിക്കൂടത്തിലാണ് പഠിക്കുന്നത്. പഠിക്കുക മാത്രമല്ല, അപ്പു മുത്തച്ഛന്റെ ഒപ്പമാണ്, കൃഷിപ്പണിയിൽ!

# മിഠായി

**നീരവ് എസ് ഗണേഷ്**
യു കെ ജി, ഗവ.എം എൽ പി സ്കൂൾ,
പട്ടാമ്പി, പാലക്കാട്

അച്ഛനു കിട്ട്യോരു മിഠായി
കുട്ടിക്ക് കൊടുക്കാത്ത മിഠായി,
ആരും കാണാതെ തിന്നപ്പോൾ
അലിഞ്ഞു പോയി മിഠായി!

ചിത്രീകരണം: **കനിഷ്ക് കെ എ,**
3, നിർമൽ ഹൃദയ സ്കൂൾ, കാളൂർ റോഡ്,
കോഴിക്കോട്.



കാ
ഴ്ച
പ്പു
റം

സുരഭിവചന

ദിനാചരണം

## എന്താണീ രാമൻ പ്രഭാവം?

ഒരു നിശ്ചിത തരംഗദൈർഘ്യമുള്ള പ്രകാശം ഒരു ദ്രാവകത്തിലൂടെ കടന്നുപുറത്തുവര അതേ തരംഗദൈർഘ്യത്തോടൊപ്പം അതിലും കൂടിയതും കുറഞ്ഞതുമായ ഏതാനും തരംഗ ങ്ങൾ കൂടി പ്രത്യക്ഷപ്പെടുന്നതാണ് രാമൻപ്രഭാവം.

### അപ്പോൾ ആരാണ് രാമൻ എന്നല്ലേ?

നിങ്ങൾക്കറിയില്ലേ, നമ്മുടെ സ്വന്തം ഭൗതിക ജ്ഞൻ സി.വി.രാമൻ തന്നെ.

ഇരുപതാം നൂറ്റാണ്ടിലെ ലോകപ്രശസ്തന ഇന്ത്യൻ ശാസ്ത്രകാരൻ കൂടിയാണിദ്ദേഹം. രാമൻ പ്രഭാവം എന്ന കണ്ടെത്തലിന് 1930 ൽ ഭൗതികശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനവും ലഭിച്ചു.



## രാമനും ശാസ്ത്രദിനവ




ആദ്യം

## വിമാനം പറക്കുന്നു

ഇന്ത്യയിൽ ആദ്യമായി എന്തിനാണ് വിമാനം ഉപയോഗിച്ചതെന്നോ? യാത്രക്കാരെ കൊണ്ടുപോവാനല്ല. തപാൽ കൊണ്ടുപോവാനായിരുന്നു. 1932 ൽ ആർ.ജെ.ഡി.റ്റാറ്റ, റ്റാറ്റ എയർലൈൻസ് എന്ന ഒരു കമ്പനി തുറക്കുകയും അവർ ആ വർഷം ഒക്ടോബറിൽ ഒരു വിമാനത്തിൽ കറാച്ചിയിൽനിന്ന് ഡൽഹിയിലേക്ക് തപാൽ കൊണ്ടുപോവുകയും ചെയ്തു.

ദുമ്പോൾ
ദൈർഘ്യ

ശാസ്ത്ര

ായ

ും




**രാമനും ഫെബ്രുവരി 28 ഉം തമ്മിലുള്ള ബന്ധമെന്താണ്?**

1928 ഫെബ്രുവരി 28 നാണ് രാമൻ പ്രഭാവം പ്രസിദ്ധീകരിച്ചത്. ഇതിന്റെ ആദരസൂചകമായാണ് എല്ലാ വർഷവും നമ്മൾ ദേശീയ ശാസ്ത്രദിനമായി ആചരിക്കുന്നത്.



**പുതിയ വാർത്ത**

## സൗരപൂർവകണം

ഓസ്ട്രേലിയയിലെ വിക്ടോറിയ നഗരത്തിലെ മർച്ചിസൺ എന്ന സ്ഥലത്ത് ഒരു ഉൽക്ക വീണു. പക്ഷേ, അതിനുള്ളിൽ സൂക്ഷ്മകണികകളായി ഒരു നക്ഷത്രധൂളി കിടന്നിരുന്നു. ശാസ്ത്രജ്ഞർ അതു കൊണ്ടുപോയി ഗവേഷണം നടത്തി. റിപ്പോർട്ടും വന്നു. 7000 കോടി വർഷം മുമ്പ് രൂപപ്പെട്ടതാണത്രേയത്. ശരിക്കും പറഞ്ഞാൽ ഭൂമിയും സൂര്യനും സൗരയൂഥവും രൂപംകൊള്ളുന്നതിന് 2500 കോടി വർഷങ്ങൾക്ക് മുമ്പെ ഉണ്ടായതാണീ നക്ഷത്രധൂളി. ഓരോ ധൂളിയും കണവും പ്രത്യേകം എടുത്ത് പരിശോധിച്ചു. സൗരയൂഥം ഉണ്ടാകുന്നതിനു മുമ്പെ ഉണ്ടായതിനാൽ ഇവയ്ക്ക് സൗരപൂർവകണങ്ങൾ എന്ന് പേരുമിട്ടു.



**പഴം**

## ആപ്പിൾ

ഏതാണ്ട് 12 മീറ്റർ ഉയരംവരെ വളരാൻ ആപ്പിൾ മരങ്ങൾക്കാവും. ഒരു ആപ്പിൾ മരം ഏകദേശം 100 വർഷം വരെ നിലനിൽക്കുകയും ചെയ്യും. പലയിനം മണ്ണിലും കാലാവസ്ഥയിലും ആപ്പിൾ വളരും. അൽപ്പം ചുണ്ണാമ്പുരസമുള്ള മണ്ണാണെങ്കിൽ നന്നായി വളരും. ആപ്പിൾ കഴിക്കാൻ ഇഷ്ടമുള്ളവർ ഒരുപാടുണ്ടാവുമല്ലോ. എങ്ങനെയാ നിങ്ങൾ ആപ്പിൾ കഴിക്കുക? തൊലി ചെത്തിക്കളഞ്ഞാവും! എന്നാൽ, തൊലിയിൽ ധാരാളം വിറ്റാമിനുകൾ അടങ്ങിയിട്ടുണ്ട്. അതുകൊണ്ട് തൊലി പ്രധാനപ്പെട്ടതാണ് എന്നുതന്നെ. പക്ഷേ, കേടുവരാതെ നിൽക്കാൻ തൊലിക്ക് പുറത്ത് പല കീടനാശിനിപ്രയോഗങ്ങളും മെഴുകുമൊക്കെ പുരട്ടി വരുന്ന ആപ്പിളുകൾ തൊലിയോടെ കഴിച്ചാൽ അസുഖവും വരാം. ആപ്പിൾച്ചാറുകൊണ്ട് ഏറെ സ്വാദിഷ്ടമായ വിനാഗിരി (ആപ്പിൾ സിഡാർ വിനഗർ)യും ഉണ്ടാക്കുന്നുണ്ട്.

ഓർമ യുറീക്ക@50

യുറീക്ക പ്രസിദ്ധീകരണത്തിന്റെ അമ്പതാം വർഷത്തിലേക്ക് പ്രവേശിച്ചു. പിന്നിട്ട വർഷങ്ങളിലെ ചില മികച്ച രചനകൾ വായനക്കാർക്ക് പരിചയപ്പെടുത്തുകയാണ് ഈ സന്തോഷവേളയിൽ. 1989 ജനുവരി ലക്കത്തിൽ വന്ന അഭിമുഖം കാണൂ.

# നാളത്തെ ലോകം

**1989 ജനുവരി ലക്കത്തിൽ ഡോ യു ആർ അനന്തമൂർത്തിയുമായി പ്രൊഫ. എസ് ശിവദാസും ദീപു ശിവദാസും ചേർന്ന് നടത്തിയ അഭിമുഖത്തിൽ നിന്നുള്ള ചില ഭാഗങ്ങളാണ് ഇത്തവണ ഓർമയിൽ. യു ആർ അനന്തമൂർത്തി ആരാണെന്ന് അറിയുമോ? പ്രമുഖനായ വിദ്യാഭ്യാസ ചിന്തകൻ, പ്രശസ്തനായ കന്നഡ എഴുത്തുകാരൻ, ജ്ഞാനപീഠം പുരസ്കാരം നേടിയ ആൾ... കോട്ടയത്തുള്ള മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ വൈസ് ചാൻസലറായിരുന്നു.**

യുറീക്ക : പുതുവർഷമെത്തിയിരിക്കുന്നു. ഇരുപത്തി ഒന്നാം നൂറ്റാണ്ടിനോട് നാം കൂടുതൽ അടുത്തിരിക്കുന്നു. വരുന്ന നൂറ്റാണ്ടിൽ ജീവിക്കാൻ തയ്യാറെടുക്കുന്ന യുറീക്കാ വായനക്കാരോട് അങ്ങേക്ക് എന്താണ് പറയാനുള്ളത്?

അനന്തമൂർത്തി : കുറെ കാലങ്ങൾക്കുമുമ്പ് ഞാൻ മധ്യപ്രദേശിൽ പോയിരുന്നു. അവിടെ അതിമനോഹരങ്ങളായ കുറെ ഗുഹാചിത്രങ്ങൾ കാണാനുണ്ട് എന്ന് മഹാനായ ഒരു കലാകാരൻ എന്നോട് പറഞ്ഞു. ഞാൻ ആ ഗുഹയിലേക്ക് ഒരു തീർഥയാത്ര നടത്തി. പുരാതന മനുഷ്യർ പാറകളിൽ വരച്ചുവച്ചിരിക്കുന്ന അനേകം ചിത്രങ്ങൾ ഞാനവിടെ കണ്ടു. അവയുടെ സൗന്ദര്യവും ലാളിത്യവും എന്നെ വളരെയേറെ ആകർഷിച്ചു. എത്ര അനായാസമായാണ് അവർ ആ ചിത്രങ്ങൾ വരച്ചിരിക്കുന്നതെന്നോ! ആ പുരാതന മനുഷ്യർ പ്രകൃതിയോട് എത്ര സുന്ദരമായി പ്രതികരിച്ചിരിക്കുന്നു. അവർ പ്രകൃതിയെ സൂക്ഷ്മമായി കണ്ട്, അറിഞ്ഞ്, രസിച്ച്, ചിത്രങ്ങൾ വരച്ചിരിക്കുന്നു. പുരാതന മനുഷ്യരുടെ ആ ലാളിത്യം, നിഷ്കളങ്കത, പ്രകൃതിയോട് ഇണങ്ങി ജീവിക്കാനുള്ള അവരുടെ കഴിവ് ഇവയൊക്കെ ഇന്നും നമ്മുടെ കുഞ്ഞുങ്ങൾക്ക് ഉണ്ട് എന്നാണെന്റെ വിശ്വാസം. പുരാതന മനുഷ്യരുടെ പാരമ്പര്യങ്ങൾ പലതും മനുഷ്യർ പരിഷ്കാരികളായതോടെ അസ്തമിച്ചിരിക്കാം. എന്നാൽ ഓരോ കുഞ്ഞും ഈ ലോകത്ത് ജനിക്കുമ്പോൾ ഒരു പുരാതന മനുഷ്യനായിട്ടാണ് ജനിക്കുന്നതെന്നാണ് എന്റെ പക്ഷം. ആ ലാളിത്യവും നിഷ്കളങ്കതയും ഓരോ പുതിയ ശിശുവിലുമുണ്ട്.

കാലം മാറുന്നു. സമയം മുന്നോട്ടുതന്നെയാണ് പോകുന്നത്. എന്നാൽ ഓരോ ശിശുവും ജനിക്കുമ്പോൾ സമയം ആവർത്തിക്കുന്നു. വീണ്ടും ലാളിത്യവും നിഷ്കളങ്കതയുമുള്ള ഒരു ശിശു ജനിക്കുകയാണ്. ഭൂതം, വർത്തമാനം, ഭാവി എന്ന് നാം കാലത്തെ വിഭജിക്കാറുണ്ട്. എന്നാൽ ഈ തരംതിരിവ് പൂർണമായും ശരിയല്ല. വെറും ഒരു നാഴികമണിയാണ് സമയത്തെ യാന്ത്രികമായി അളക്കുന്നത്. എന്നാൽ നമ്മുടെയെല്ലാം മനസ്സിൽ ഓരോ നാഴികമണിയുണ്ട്. അവ സമയത്തെ യാന്ത്രികമായല്ല അളക്കുന്നത്. നമ്മുടെ ഭൂതവും വർത്തമാനവും ഭാവിയെ

ഉൾക്കൊള്ളുന്നുണ്ട്.

അതിനാൽ നമ്മുടെ ഭാവിലോകം പുരാതന ലോകത്ത് നിലനിന്നിരുന്ന അതിമനോഹരങ്ങളായ ചിലതിനെയെല്ലാം വീണ്ടെടുക്കണമെന്നാണ് എന്റെ അഭിപ്രായം. പുരാതനമനുഷ്യർ സങ്കുചിത മനോഭാവം പുലർത്തിയിരുന്നില്ല. രാജ്യത്തിന്റെയോ സമുദായത്തിന്റെയോ ജാതിയുടെയോ ഒന്നും അതിർവരമ്പുകൾക്കുള്ളിൽ നിന്നല്ല അവർ ചിന്തിച്ചിരുന്നത്, അവർക്ക് അതിലളിതവും സുന്ദരവുമായ ഒരു സാമൂഹ്യബോധമുണ്ടായിരുന്നു. ഒരുതരം സമത്വവും സാഹോദര്യവും അവരുടെ സമൂഹത്തിൽ നിലനിന്നിരുന്നു. ഭാവിലോകത്തിന് വഴികാട്ടിയായ ഒരു ലോകമാ



ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

യിരുന്നു അവരുടേത്. അതിവിദൂരമായ, പണ്ടു പണ്ടു നിലനിന്ന ആ സമത്വസുന്ദരമായ സമൂഹം മനുഷ്യരുടെ ഏറ്റവും സുന്ദരമായ സ്വപ്നമാണ്. ഓരോ ശിശുവും ജനിക്കുമ്പോൾ ഈ മനോഹരമായ ലോകത്തിന്റെ സന്തതിയായാണ് ജനിക്കുന്നത്. അവന്റെ മനസ്സിൽ ജാതിയും മതവും രാജ്യവും ഒന്നും അപ്പോൾ വേലിക്കെട്ടുകൾ കെട്ടിയിട്ടുണ്ടാവുകയില്ല.

ശിശുക്കൾ കളിക്കുന്നത് നോക്കൂ. അവർ ചാടുന്നു. എന്തിന്? അവർ ഭൂമിയുടെ ആകർഷണവലയത്തിൽ നിന്ന് പുറത്തേക്ക് ചാടാൻ ശ്രമിക്കുകയല്ലേ? പ്രകൃതി നിയമത്തിനെ മറികടന്നു കളിക്കാനാണവരുടെ ശ്രമം. കളിയിലൂടെയാണവർ വളരുന്നത്; പഠിക്കുന്നതും. വരുന്ന നൂറ്റാണ്ടിലെ ശാസ്ത്രത്തിനും കളിയുടെ ഭാവമുണ്ടാകണം. ഒരു കുട്ടി ചാടുമ്പോഴും ഓടുമ്പോഴും ആഹ്ലാദപൂർവം വായുവിലുയരുമ്പോഴും താഴുമ്പോഴും ഞാൻ ഈ കളിയുടെ ഭാവം കാണുന്നു. ഭാവിയിലെ ശാസ്ത്രവും ആഹ്ലാദാനുഭൂതികൾ പകരുന്ന ഒരു കളിയായിരിക്കും. ശാസ്ത്രം ഈ ലീലാസങ്കൽപം വീണ്ടെടുക്കണം. നാം നമ്മുടെ മഹത്തായ വിജ്ഞാനം നാശത്തിന് ഉപയോഗിക്കാതിരുന്നാൽ ഈ ലീലാ സങ്കൽപം വീണ്ടെടുക്കാനാകും. അപ്പോൾ ഭാവിയിൽ ആയുധങ്ങൾ ഉണ്ടാക്കാനായി ശാസ്ത്രത്തെ ദുരുപയോഗപ്പെടുത്തും എന്ന് ഞാൻ കരുതുന്നില്ല. പ്രകൃതിയുടെ ഭാഗമായി നിന്ന്, പുരാതന മനുഷ്യന്റെ ലാളിത്യവും നിഷ്കളങ്കതയും ഉൾക്കൊണ്ട് പ്രകൃതിയോട് കളിക്കാൻ ഭാവിയിലെ ശാസ്ത്രത്തിന് കഴിയണം. പ്രകൃതിയെ കാണാനും അറിയാനും അതുമായി കേളികളാടാനും കഴിയണം. മറിച്ച് ലോകത്തെ നശിപ്പിക്കാൻ ഒരുങ്ങുന്നതാവരുത് വരുന്ന നൂറ്റാണ്ടിലെ ശാസ്ത്രം. ഭാവിയിലേത് അറിവ് ആനന്ദമായി കാണുന്ന ഒരു സമൂഹത്തെയായിരിക്കും. അവർ ശാസ്ത്രത്തെ മഹത്തരമാക്കും. അവർ ശാസ്ത്രത്തെ ആയുധക്കലവറകൾ നിറയ്ക്കുവാൻ ഉപയോഗിക്കുകയില്ല. അതാണ് മനുഷ്യരുടെ ശരിയായ സംസ്കാരം. പാരമ്പര്യം.

ഒരു ഉദാഹരണം പറയാം. പുരാതന ചൈനക്കാർക്ക് വെടിമരുന്നിനെപ്പറ്റി അറിയാമായിരുന്നു. പക്ഷേ, അവർ വെടിമരുന്ന് തോക്കിൻ കുഴൽ നിറയ്ക്കാനല്ല ഉപയോഗിച്ചത്. മറിച്ച് വെടിക്കെട്ടുണ്ടാക്കാനാണ്. ഈ മനോഭാവമാണ് ഭാവിയിലെ മനുഷ്യർ കൈവരിക്കേണ്ടത്. ശാസ്ത്രത്തെ നാശത്തിനുപയോഗിക്കാതെ ആഹ്ലാദത്തിനുപയോഗിക്കുക. ലോകത്തിന്റെ സുഖത്തിനുപയോ ഗിക്കുക. സർവമംഗളത്തിനുപയോഗിക്കുക. അതിനു കഴിയണമെങ്കിൽ ഓരോ

മനുഷ്യനും പുരാതന മനുഷ്യരുടെ ലാളിത്യവും നിസ്വാർഥതയും നിഷ്കളങ്കതയും കൈവരിക്കണം. വിജ്ഞാനം അപ്പോൾ ആത്മഹർഷമുണ്ടാക്കും. ആഹ്ലാദത്തിന്റെയും ആത്മസംതൃപ്തിയുടെയും അനുഭൂതികൾകൊണ്ട് മനുഷ്യ മനസ്സിനെ ഉയർത്തും. അപ്പോൾ മനുഷ്യർക്ക് മഹത്വത്തെ പ്പറ്റി ബോധമുണ്ടാവും. സൗന്ദര്യത്തെപ്പറ്റിയും ബോധമുണ്ടാകും. മനുഷ്യർ മഹാന്മാരായ വിശ്വമാനവരാകും. മനുഷ്യസമൂഹത്തിന്റെ മുഴുവനും കൂടിയുള്ള സ്വത്താണ് ഈ ഭൂമി എന്ന് അന്നത്തെ മനുഷ്യർക്ക് അറിവുണ്ടാകും.

മഹത്തായ ഈ ആശയങ്ങൾ അന്വേഷിച്ച് നാം എങ്ങും അലയേണ്ടതില്ല . പക്ഷികളെ നോക്കൂ. തങ്ങളുടെ ചിറകുകൾ വിരിച്ച് ആഹ്ലാദത്തോടെ പറന്നുപോകുന്ന പക്ഷികളില്ലേ? അവയെ നോക്കൂ. അവ ഒരു ഭൂഖണ്ഡത്തിൽനിന്ന് മറ്റൊന്നിലേക്ക് പറന്നുപോകുന്നു. ഒരു പാസ്പോർട്ടും വാങ്ങാതെ പറന്നുപോകുന്നു! ഭാവിയിൽ മനുഷ്യരും അങ്ങനെ പാസ്പോർട്ടില്ലാതെ ഭൂമിയിൽ ഒരറ്റത്തുനിന്ന് മറ്റേ അറ്റത്തേക്ക് യാത്രചെയ്യും. അതൊരു മഹത്തായ ആശയമാണ്. ഭാവിയെപ്പറ്റിയുള്ള ധീരമായ ഒരു സ്വപ്നം. ലോകമെങ്ങും പാസ്പോർട്ടില്ലാതെ യാത്രചെയ്യുക!

അന്നത്തെ ഗവൺമെന്റ് എങ്ങനെയുള്ളതായിരിക്കും? എല്ലാ ജനസമൂഹങ്ങളുടെയും ആശയാഭിലാഷങ്ങൾ കണക്കിലെടുത്ത്, അഭിലാഷ ഐക്യത്തോടെ, സഹകരണത്തോടെയുള്ള ഒരു ഗവൺമെന്റായിരിക്കും അത്. ഭൂരിപക്ഷം ന്യൂനപക്ഷത്തെ ഭരിക്കുന്ന ഗവൺമെന്റായിരിക്കില്ല അത്. സമൂഹത്തിലെ അംഗങ്ങളുടെയെല്ലാം അഭിപ്രായങ്ങൾ സമഞ്ജസമായി സമരസപ്പെടുത്തി ഐക്യഭാവത്തോടെ ഭരണം നടത്തുന്ന രീതിയായിരുന്നല്ലോ പ്രാകൃത സമൂഹങ്ങളിൽ നിലനിന്നിരുന്നത്. അതാണ് ആ പ്രാകൃത മനുഷ്യസമൂഹങ്ങളുടെ കഥ ഞാൻ നിങ്ങളെ ഓർമിപ്പിച്ചത്. ഭാവിയിലേക്കൊരു വിത്ത് ആ സമൂഹങ്ങളിൽ നിലനിന്നിരുന്നുവെന്ന് ഓർമിപ്പിക്കാൻ.

നിങ്ങൾ ലോകമഹായുദ്ധങ്ങളെപ്പറ്റി കേട്ടിട്ടില്ലേ? ആ രണ്ട് ലോകമഹായുദ്ധങ്ങളാണ് മനു



ആവിഷ്കരണം : കുട്ടികളുടെ രചനാപൂരം
ആശംസകളോടെ...

രാമനാട്ടുകര സർവ്വീസ് സഹകരണ ബേങ്ക്
ക്ലിപ്തം നമ്പർ 7721
ഹെഡ് ഓഫീസ് ഫാറൂഖ് കോളേജ്, ഫോൺ : 2440385
ഇമെയിൽ : ramanattukarascb@rediffmail.com

| | | | |
|---|---|---|---|
| ഹെഡ് ഓഫീസ് ബ്രാഞ്ച് | 2441300 | കോടമ്പുഴ ബ്രാഞ്ച് | 2483940 |
| രാമനാട്ടുകര ബ്രാഞ്ച് | 2440025 | ഫാറൂഖ് കോളേജ് | 2443060 |
| ഈവനിംഗ് ബ്രാഞ്ച് | 2442300 | വനിതാ ബ്രാഞ്ച് & സ്പെഷ്യൽ ഗോൾഡ് | |
| വൈദ്യരങ്ങാടി ബ്രാഞ്ച് | 2443385 | ലോൺ കൗണ്ടർ രാമനാട്ടുകര | 2443755 |

ഏതു ബ്രാഞ്ചിൽ നിന്നും ഇടപാടുകൾ നടത്താവുന്ന കോർ ബേങ്കിങ്ങ് സൗകര്യം ഏർപ്പെടുത്തിയ കേരളത്തിലെ ഒന്നാമത്തെ സഹകരണ ബേങ്ക്
RTGS/ NEFT സൗകര്യം ലഭ്യമാണ്. 235 കോടി രൂപയിലധികം പ്രവർത്തന മൂലധനമുള്ള കോഴിക്കോട് ജില്ലയിലെ
സൂപ്പർ സ്പെഷ്യൽ ഗ്രേഡ് ബേങ്ക്

എല്ലാവിധ ഇംഗ്ലീഷ് മരുന്നുകളും 12% മുതൽ 40% വരെ വിലക്കുറവിൽ ലഭിക്കുന്നു.
നീതി മെഡിക്കൽസ്
രാമനാട്ടുകര ബസ്സ്റ്റാന്റിന് സമീപം, ഫോൺ 2443688
പ്രവർത്തന സമയം: രാവിലെ 9 മണി മുതൽ രാത്രി 8.00 വരെ. ഞായർ ഒഴിവ്

നീതി മെഡിക്കൽ ലാബ്
രാമനാട്ടുകര, ഫോൺ : 2443488
ആധുനിക സാങ്കേതിക ഉപകരണങ്ങളോടുകൂടി
നീതി മെഡിക്കൽ സ്റ്റോറിനു സമീപം പ്രവർത്തനമാരംഭിച്ചിരിക്കുന്നു.
പ്രവർത്തന സമയം: രാവിലെ 7 മണി മുതൽ രാത്രി 7 മണി വരെ
ഞായർ, രാവിലെ 7 മണി മുതൽ 12 മണി വരെ

ചെയർമാൻ
വിജയൻ പി മേനോൻ

ജനറൽ മാനേജർ
രാജൻ പി

ഷ്യരുടെ സ്വപ്നങ്ങൾ മുഴുവൻ നശിപ്പിച്ചത്. യുദ്ധങ്ങൾ അതിനു മുമ്പും ഉണ്ടായിട്ടുണ്ട്. എന്നാൽ അവയൊന്നും നമ്മുടെ ഈ നൂറ്റാണ്ടിൽ നടന്ന യുദ്ധങ്ങളുടെയത്രയും വിനാശകരമായിരുന്നില്ല.

മനുഷ്യർ അനുഭവങ്ങളിൽനിന്ന് പഠിച്ചുകൊണ്ടേയിരിക്കുന്നു. മനുഷ്യസമൂഹത്തിന് തെറ്റുകൾ പറ്റാറുണ്ട്. പക്ഷേ, അതിലൂടെ നാം ഏറെ പഠിക്കുന്നു. അറിവു നേടുന്നു. വരുന്ന നൂറ്റാണ്ടിലേക്ക് പ്രവേശിക്കുമ്പോഴേക്ക് ആ അറിവുകൾ മുഴുവനും കൊണ്ട് ലോകത്തെ മാറ്റിമറിക്കാൻ നമുക്ക് കഴിയണം. ഒരു നല്ല ലോകം സൃഷ്ടിക്കാൻ നമുക്ക് കഴിയണം.

ലോകത്ത് ഇന്ന് രൂക്ഷമായ അസമത്വം നിലനിൽക്കുന്നു. ഇന്ത്യയിലെ ഒരു ഗ്രാമത്തിൽ ക്ഷാമമുണ്ടായാൽ അതിന് അമേരിക്കയുടെ ഉപഗ്രഹ പരിപാടിയുമായി ബന്ധമുണ്ട്, എന്ന് ഞാൻ ഒരിക്കൽ പറഞ്ഞു. മഴയുടെ അനിശ്ചിതത്വം മാത്രമല്ല ക്ഷാമമുണ്ടാക്കുന്നത്. സമ്പന്ന രാഷ്ട്രങ്ങളിലെ ശാസ്ത്രപുരോഗതി കൂടിയാണ്. അതൊരു വിരോധാഭാസമായി തോന്നാം. പക്ഷേ, സത്യമാണ്. എന്താണ് ഞാൻ പറഞ്ഞതിന്റെ അർഥമെന്നോ? ദരിദ്രരാഷ്ട്രങ്ങളിലെ പട്ടിണിപ്പാവങ്ങളുടെ ചെലവിലാണ് സമ്പന്നരാഷ്ട്രങ്ങളിൽ പല ശാസ്ത്രപുരോഗതികളും നടക്കുന്നത്! ഇതിന്റെ ഫലമായി ലോകത്തിലെ രാഷ്ട്രങ്ങൾ തമ്മിൽ സമ്പത്തിന്റെ കാര്യത്തിൽ വലിയ അന്തരം നിലനിൽക്കുന്നു. അസമത്വം അഗാധമായ വേദനയുണ്ടാക്കുന്നു. പണ്ട് ഇതല്ലായിരുന്നു സ്ഥിതി. ഭൂലോകത്തിന്റെ വിവിധ മേഖലകളിൽ സ്വയം പര്യാപ്തതയുണ്ടായിരുന്നു. ഓരോ ഭാഗത്തെയും സമ്പത്ത് അവിടെത്തന്നെ നിലനിന്നിരുന്നു. അവിടുത്തെ ജനങ്ങൾ ആ വിഭവങ്ങൾ ഉപയോഗിച്ച് സംതൃപ്തിയോടെ ജീവിച്ചിരുന്നു. എന്നാലിന്ന് അതല്ല സ്ഥിതി. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ പുരോഗതി നേടി മുന്നിട്ടുനിൽക്കുന്ന ഒരു രാജ്യത്തിന് ലോകത്തെ മറ്റെല്ലാ രാജ്യങ്ങളെയും ചൂഷണം ചെയ്യാൻ ഇന്ന് കഴിയുന്നു. ഇത്ര വ്യാപകമായ ഈ ചൂഷണം സാധ്യമാക്കിയത് ശാസ്ത്രപുരോഗതിയാണ്. ശാസ്ത്രത്തെ ദുരുപയോഗപ്പെടുത്തി ലോകത്തെ ചൂഷണം ചെയ്യുന്ന ഈ ഏർപ്പാട് അനുവദിക്കാൻ സാധ്യമല്ല...

ചുരുക്കത്തിൽ എന്റെ സ്വപ്നത്തിലുള്ള ഭാവി ലോകം... ഒരു ഏകലോകം. പാസ്പോർട്ടില്ലാതെ എങ്ങും യാത്ര ചെയ്യാവുന്ന ഒരു ലോകം. സമത്വസുന്ദരമായ ഒരു ലോകം. മനുഷ്യമനസ്സിന്റെ മാതൃകാപരമായ ഉപയോഗത്തിൽ ആഹ്ലാദം കണ്ടെത്തുന്ന മനുഷ്യരുടെ ലോകം. ശിശുസഹജമായ മാനസികഭാവത്തിലൂടെ നേടുന്ന മനുഷ്യചേതനയുടെ സമ്പൂർണമായ വികാസം...






# നോട്ടങ്ങൾ

**എസ്.എം.ജീവൻ**

ചിത്രീകരണം: സതീഷ്

വീട്ടുമുറ്റത്തു ഞാനോടി നടക്കുമ്പോൾ
ചീറുന്ന നോട്ടമേ നീയോ
വീട്ടിന്നകത്തു ഞാൻ കാര്യം പറയുമ്പോൾ
നീറുന്ന നോട്ടമേ പോയോ

പള്ളിക്കൂടത്തിൽ ഞാൻ പന്തു കളിക്കുമ്പോൾ
പാളുന്ന നോട്ടമേ പായൂ
കൂട്ടുകാരൊത്തു ഞാൻ പാത നടക്കുമ്പോൾ
നീളുന്ന  നോട്ടമേ നീങ്ങൂ

ചില്ലയിൽ തങ്ങിയ പട്ടമെടുത്തപ്പോൾ
വില്ലു കുലച്ചൊരു നോട്ടം
കൂർക്കം വലിക്കുമ്പോൾ ഞെട്ടിയ നോട്ടത്തിൻ
പിന്നിലായ് നിൽക്കുന്നു പാവം

ഇന്നലെ സന്ധ്യക്ക് ചന്തക്കു പോയപ്പോൾ
പിന്തുടർന്നെത്തിയ നോട്ടം
ലേശമിരുട്ടി ഞാൻ യാത്ര തിരിച്ചപ്പോൾ
കോർത്തു വലിച്ചതിൻ കൂടെ

സൈക്കിൾ ചവിട്ടുമ്പോൾ  നീന്തുമ്പോൾ
ചാടുമ്പോൾ
പേടിക്കും നോട്ടമേ കഷ്ടം
സംശയം ആഹ്ലാദം ദേഷ്യം പറയുമ്പോൾ
കോപിക്കും നോട്ടമേ പുച്ഛം

സ്നേഹത്തിൻ രൂപത്തിൽ വാത്സല്യഭാവത്തിൽ
സൂത്രത്തിൽ നോട്ടങ്ങൾ നിൽപ്പൂ
ആപത്തു നേരത്തു പക്ഷംപിടിക്കാതെ
നോവിച്ച കൂട്ടമായ് ചാരെ

വമ്പുള്ളതെങ്കിലും  ദുർബലം നിങ്ങൾതൻ
ഉള്ളിന്റെ കാതൽ, കരുത്തും
നേരായും ആട്ടിയിറക്കു,മതിൻമുമ്പേ –
മിണ്ടാതെയോടിപ്പോയ്ക്കൊള്ളൂ.

# ന്തൊയു തൻപ്



**രാമകൃഷ്ണൻ കുമരനല്ലൂർ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



ഉറുമ്പിന് സിപ്പപ്പ് കഴിക്കണമെന്നു തോന്നി.
കടയിൽ നല്ല തിരക്കായിരുന്നു.
എങ്ങനെ കൊണ്ടുപോകും?
മൊബൈലെടുത്ത് ആയിരം കൂട്ടുകാർക്ക്
മെസേജയച്ചു.
എല്ലാവരുംകൂടി ഏറ്റിക്കൊണ്ടുപോയി ഒരു
മൂലക്കിരുന്നു തിന്നാൻ തുടങ്ങി.
നാവു തണുത്തു വിറക്കുന്നു.
"ന്തൊയു തൻപ്"
തണുതണുത്ത നാവുമായി ഉറുമ്പ് പറഞ്ഞതെന്താണെന്ന്
നിങ്ങൾക്കു മനസ്സിലായോ?



**പ്രിയംവദ**

ചിത്രീകരണം: കെ.സതീഷ്

# വീടുമാറ്റം

ഫെബ്രുവരി മാസം തുടങ്ങിയതേയുള്ളൂ. നല്ല ചൂട്. കുളം വറ്റാറായല്ലോ എന്നാലോചിച്ച് അമ്മത്തവള പരിഭ്രമിച്ചു. എങ്ങോട്ട് പോകും?

പോയില്ലെങ്കിലും പ്രശ്നമാണ്. ആ നാരായണേട്ടൻ കുളം വറ്റാൻ കാത്തിരിക്കുകയാണ്. മൂടാൻ വേണ്ടി... എന്തെങ്കിലും ഒരു പോംവഴി കണ്ടെത്തിയേ മതിയാവൂ. അമ്മത്തവള തീരുമാനിച്ചു.

വൈകുന്നേരം അമ്മത്തവള കുടുംബശ്രീ മീറ്റിംഗിൽ തന്റെ ആകുലതകൾ പങ്കുവെച്ചു. എല്ലാവരും സങ്കടത്തിൽ ഇരിക്കുമ്പോൾ മിസ്സ് തവളകുമാരി മാത്രം എക്സൈറ്റ്മെന്റിൽ ആയിരുന്നു. പുതിയ കുളം, പുതിയ സുഹൃത്തുക്കൾ.. തവള കുമാരി സന്തോഷത്താൽ തുള്ളിക്കളിച്ചു "പോക്രോം പോക്രോം..."



പിറ്റേദിവസം തവളകൾ കൂട്ടംകൂടി. എങ്ങനെയെങ്കിലും കുളം വിട്ട് രക്ഷപ്പെടണം. എല്ലാവരും സാധനങ്ങളൊക്കെ പാക്ക് ചെയ്തു. തവളയമ്മ മക്കളെ ഒരുക്കി നിർത്തി. കുട്ടികളും ത്രില്ലിലായിരുന്നു. അമ്മ തരുന്ന ഫുഡ് മടുത്തു തുടങ്ങിയ കുട്ടികൾ പുതിയ രുചിതേടി പോകാനുള്ള തയ്യാറെടുപ്പിലായിരുന്നു.

എങ്ങനെ പോകും? എല്ലാവരും പരസ്പരം ചോദിച്ചു. മണിക്കൂറുകൾ നീണ്ട ചർച്ചയ്ക്കൊടുവിൽ തവളയച്ഛൻ തന്റെ അഭിപ്രായം പ്രഖ്യാപിച്ചു. "ജെ സി ബി ഏർപ്പാടാക്കാം..."

അന്തിമതീരുമാനം എല്ലാവരും കൈയടിച്ചു പാസാക്കി.

അങ്ങനെ പോക്കാച്ചിത്തവളകൾ ജെ സി ബി ഏർപ്പാടാക്കി. പ്രശ്നം തീർന്നില്ല..

മുത്തശ്ശിത്തവള വീട്മാറ്റത്തിന് തയ്യാറല്ലായിരുന്നു.

"ഞാൻ എങ്ങോട്ടേക്കുമില്ല്യാ...

മരിക്കുന്നുണ്ടേൽ ഞാനെന്റെ മണ്ണിൽ കെടന്നോണ്ടന്നെ.. മുത്തശ്ശിത്തവള നയം വ്യക്തമാക്കി.

"ഇത് നാരാണേട്ടന്റെ മണ്ണാണമ്മേ.. കുളം വറ്റാറാകുമ്പോൾ അങ്ങേര് വന്ന് കുളം മൂടും.

അമ്മത്തവള മുത്തശ്ശിത്തവളയോട് പറഞ്ഞു.

ചത്താലും വരില്ലെന്ന തീരുമാനത്തിലുറച്ച് മുത്തശ്ശിത്തവള ഒരു കല്ലിൽ ഇരുന്ന് കാല് നീട്ടിവെച്ച് തൈലം പുരട്ടിക്കൊണ്ട് എന്തൊക്കെയോ പിറുപിറുത്തു.

"എല്ലാവരും വേഗം കേറ്..."

പോക്കാൻതവള ഡ്രൈവിംഗ് സീറ്റിലിരുന്ന് പോക്രോം കരഞ്ഞു.

എല്ലാവരും ഓടി വണ്ടിയിൽ കയറി സീറ്റ് പിടിച്ചു. മുത്തശ്ശിത്തവള മാത്രം വന്നില്ല. അമ്പിനോടും വില്ലിനോടും അടുക്കാത്ത മുത്തശ്ശിയെ സോപ്പിലാക്കി ചാക്കിലാക്കാൻ തവളയച്ഛൻ മാക്രിക്കുഞ്ഞുങ്ങളെ പറഞ്ഞയച്ചു.

കാരണം മുത്തശ്ശിത്തവളയ്ക്ക് ജീവനായിരുന്നു തന്റെ പേരമക്കൾ. അവർ എന്തു പറഞ്ഞാലും മുത്തശ്ശിത്തവള കേൾക്കും.

"മുത്തശ്ശി ഞങ്ങളെ കൂടെ വാ..

നമുക്ക് വേഗം ഇവിടന്ന് പോകാം..

പുതിയ കുളത്തിൽ വൈഫൈ ഉണ്ടത്രേ.. ടി.വി.യും ഉണ്ട്.. മുത്തശ്ശിക്ക് സീരിയൽ കാണാം..

മിടുക്കനായ മാക്രിക്കുഞ്ഞ് മുത്തശ്ശിയെ പറഞ്ഞു വലയിലാക്കി.

പ്രായത്തിന്റെ അവശതയുള്ള തവള മുത്തശ്ശിക്ക് യുവത്വത്തോട് ചെറുത്തുനിൽക്കാനായില്ല.

അങ്ങനെ തന്റെ ലഗേജും മുറുക്കാൻ ചെല്ലവും തൈലവും എടുത്ത് മുത്തശ്ശിത്തവള ജെസി ബിക്ക് നേരെ നടന്നു...

പോക്രോം പാട്ടും പാടി എല്ലാവരും പുതിയ കുളം കിട്ടുമെന്ന പ്രതീക്ഷയോടെ ഒന്നിച്ച് യാത്രയായി..

✷





കെ യതീന്ദ്രനാഥൻ

ചിത്രീകരണം: അനിൽ തമ്പായ്

# കാപ്പി



പാൽക്കാപ്പി, കട്ടൻകാപ്പി, കരിപ്പെട്ടിക്കാപ്പി, ചക്കരക്കാപ്പി എന്നീ രൂപങ്ങളിൽ കാപ്പി മലയാളികളുടെ അടുക്കളയിലെത്തുന്നു. കരിപ്പെട്ടിക്കാപ്പിയിൽ കാപ്പിപ്പൊടിക്കു പുറമെ കുരുമുളക്, ഏലം, ഗ്രാമ്പൂ, ചുക്ക്, മല്ലി എന്നിവ കൂട്ടിച്ചേർത്താണു തിളപ്പിക്കുക. അൽപ്പം നെയ്യും മേമ്പൊടിക്കു ചേർത്ത് മുന്നിലെത്തുമ്പോൾ തൊണ്ടയിലെ ഒരുമാതിരി അസുഖങ്ങളെല്ലാം പമ്പകടക്കും.

ആധുനിക കഫേകളിൽ (കാപ്പിക്കട തന്നെ) വിളമ്പുന്ന കോഫിയുടെ പേരുകൾ കേട്ടാൽ ഏതോ മായാലോകത്ത് എത്തിയപോലെ തോന്നും. എസ്പ്രസ്സോ, ലാട്ടെ, കഫേ ല്യൂംഗോ, ഡോപ്പിയോ എന്നിങ്ങനെ എത്രയെത്ര കോഫികൾ. ഒരു കോഫിയുടെ വിലയ്ക്ക് നമ്മുടെ നാടൻകടകളിൽ നാലു പേർക്ക് പുട്ടും കടലയും പപ്പടവുമെല്ലാം വയറു നിറയെ കഴിക്കാം. പറഞ്ഞിട്ടെന്തുകാര്യം. ഈ കഫേകളിൽ ആളുകൾ ഇടിച്ചുകയറുകയാണ്.

കാപ്പിച്ചെടി എന്നു പറയുന്നത് ഒരു ചെറു മരം ആണ്. നീണ്ടുപരന്ന ഇലകൾ ഉള്ള ഈ ചെടിയിൽ നീണ്ട ശിഖകളിലായിട്ടാണ് ഇലകൾ വിന്യസിക്കപ്പെട്ടിരിക്കുന്നത്. ഇലഞെട്ടിനടുത്തായാണ് പൂക്കൾ പ്രത്യക്ഷപ്പെടുക. നല്ല സുഗന്ധമുള്ള വെള്ളപ്പൂക്കൾ അടുക്കിക്കെട്ടിയതുപോലെയാണ് തോന്നുക. പൂവുണങ്ങുന്നിടത്തു കുരുക്കൾ പ്രത്യക്ഷപ്പെടും. ഇളംപച്ച, കടുംപച്ച നിറങ്ങളിലുള്ള കുരുക്കൾ മൂപ്പെത്തുന്നതോടെ മഞ്ഞ, ചുവപ്പുനിറം പ്രാപിക്കും അപ്പോഴാണു വിളവെടുക്കുക. കൈകൊണ്ട് അടർത്തിയും യന്ത്രസഹായത്തോടെയും കുരു ശേഖരിക്കുന്നു.

പറിച്ചെടുത്ത കുരുക്കൾ വെയിലത്തുണക്കി തൊലി കളഞ്ഞെടുത്തശേഷം വറുത്തുപൊടിക്കുന്നു. 200$^{\circ}$c യിൽ കുരു ചൂടാക്കുമ്പോൾ അതിലടങ്ങിയിട്ടുള്ള അന്നജം (കാർബോഹൈഡ്രേറ്റ്) പഞ്ചസാരയായി മാറും. ചൂടു കൂടുന്തോറും ഇതു തവിട്ടുനിറമാകും. വീണ്ടും ചൂടാക്കിയാൽ ഇരുണ്ട തവിട്ടുനിറമുള്ള കാപ്പിപ്പൊടിയാകും കിട്ടുക.

വറുത്ത കാപ്പിക്കുരുവായും, അത് പൊടിച്ചുണ്ടാക്കുന്ന പൊടിയായും (Roasted coffee powder) മാർക്കറ്റു ചെയ്യുന്നു.

മുമ്പൊക്കെ നമ്മുടെ മുന്നിൽവച്ചുതന്നെ വറുത്ത കുരു പൊടിച്ച് കാപ്പിപ്പൊടിയാക്കി പാക്കറ്റിലിട്ടുതരുമായിരുന്നു. ഇപ്പോഴും ഇത്തരം കടകൾ ഉണ്ട്. എങ്കിലും കമ്പനിക്കാർ വറുത്തുപൊടിച്ച് ബ്രാന്റാക്കി മാർക്കറ്റു ചെയ്യുന്ന കാപ്പിപ്പൊടിയോടാണ് ഇപ്പോൾ കൂടുതൽ പ്രിയം.

വെള്ളത്തിലിട്ടാൽ അതിവേഗം അലിഞ്ഞുചേരുന്ന ഇൻസ്റ്റന്റ് കാപ്പിയോടുള്ള പ്രിയം ദിനംപ്രതി വർധിച്ചുവരികയാണ്. കാപ്പിപ്പൊടി വെള്ളത്തിലിട്ടു തിളപ്പിച്ചുണ്ടാക്കുന്ന ലായനി (ഡിക്കോഷൻ) ഫ്രീസ് ഡ്രൈ ചെയ്തോ സ്പ്രേ ഡ്രൈ ചെയ്തോ പരൽരൂപമാക്കി മാർക്കറ്റുചെയ്യുന്നു. ഇതു തന്നെ നേർത്ത പൊടിയാക്കിയും വിപണിയിലെത്തിക്കുന്നു. രണ്ടിനും ആരാധകർ ഏറെയുണ്ട്. ഈർപ്പം തട്ടിയാൽ പൊടി കട്ടയായിപ്പോകും. അതുകൊണ്ടാണ് ഇൻസ്റ്റന്റ് കോഫി പൗഡർ ഫ്രിഡ്ജിനുള്ളിൽ സൂക്ഷിക്കുന്നത്. ടിൻ നന്നായടച്ച് ഈർപ്പം വളരെ കുറവുള്ളയിടങ്ങളിൽ സൂക്ഷിച്ചാലും ദീർഘനാൾ കേടുകൂടാതിരിക്കും. ഇത്തരം കാപ്പികളിൽ കഫീനിന്റെ അംശം കുറവാണെന്നതും ഒരു പ്ലസ് പോയിന്റാണ്.

പലതരം കാപ്പിച്ചെടികളുണ്ടെങ്കിലും രണ്ടിനം ചെടികളുടെ കുരുക്കളാണ് വിപണി പിടിച്ചടക്കിയിരിക്കുന്നത്. റോബസ്റ്റയും അറബിയുമാണീ രണ്ടിനങ്ങൾ. എങ്കിലും കൂടുതലായി ഉൽപ്പാദിപ്പിക്കുന്നത് റോബസ്റ്റയാണ്.

കാപ്പിത്തോട്ടങ്ങൾ കൂടുതലും ബ്രിട്ടീഷ് കോളനികളിലായതിനാൽ യുദ്ധകാലത്ത് യൂറോപ്പിൽ കാപ്പിക്കു ക്ഷാമം ഉണ്ടാകുന്നതു പതിവായി. ഇതിനെ മറികടക്കാനായാണ് ചിക്കറി ചേർത്ത കാപ്പിപ്പൊടി രംഗത്തെത്തിയത്. ചിക്കറി ഒരു സസ്യത്തിന്റെ കിഴങ്ങ് ഉണക്കിപ്പൊടിച്ചതാണ്. ഇതു മൂലം ആരോഗ്യപ്രശ്നങ്ങളൊന്നുമില്ലാത്തതിനാൽ ഇതു മായം ചേർക്കലായി കരുതാറില്ല. കാപ്പിക്കുരു കൂടുതൽ ഉൽപാദിപ്പിക്കുന്ന ഇന്ത്യയിൽപ്പോലും ചിക്കറി ചേർത്ത കാപ്പിയോടുള്ള പ്രിയം കൂടിവരികയാണ്. വില കുറയുമെന്നതാണു കാരണം. ഈ മിശ്രിതത്തെ ഫ്രഞ്ചുകോഫി എന്നും വിളിക്കാറുണ്ട്.

എത്യോപ്യയിലെ (പണ്ടത്തെ അബിസീനിയ) കാഫാ പ്രദേശത്തുനിന്നാണ് കാപ്പി പുറം രാജ്യങ്ങളിലേക്കു വ്യാപിച്ചതെന്നാണ് വിശ്വസിക്കപ്പെടുന്നത്. അവിടെയുള്ളവർ ഉന്മേഷം ലഭിക്കാനായി കാപ്പി കുടിക്കുമായിരുന്നത്രെ. ക്രമേണ കാപ്പി ടർക്കി, പേർഷ്യ എന്നീ രാജ്യങ്ങൾ വഴി യൂറോപ്പിലേക്കും ചേക്കേറി. ഓരോ നാട്ടിലും ഓരോ രുചിഭേദങ്ങളിൽ കോഫിയുണ്ടാക്കിക്കുടിച്ചു. ക്രമേണ ഇംഗ്ലണ്ടിലും മറ്റു യൂറോപ്യൻ രാജ്യങ്ങളിലും കോഫിഹൗസുകൾ പ്രത്യക്ഷപ്പെട്ടു. കോഫി മൊത്തിക്കുടിച്ചുകൊണ്ട് രാഷ്ട്രീയം, സാഹിത്യം തുടങ്ങിയ മേഖലകളിൽ ഗഹനമായ ചർച്ചകൾ അരങ്ങേറി.





ഇന്ത്യയിലും എന്തിന് നമ്മുടെ കേരളത്തിൽപ്പോലും കോഫിഹൗസുകൾ സാംസ്കാരത്തിന്റെ പ്രതീകമായി മാറി. സ്വാതന്ത്ര്യസമര ചരിത്രത്തിൽപ്പോലും കോഫി ഹൗസുകൾക്കിടം കിട്ടി. സ്വാതന്ത്ര്യത്തിനുശേഷവും കോഫി ഹൗസുകൾ അടച്ചുപൂട്ടിയില്ല. സായ്പന്മാർ ഉപേക്ഷിച്ചുപോയ കോഫീഹൗസുകൾ തൊഴിലാളികൾ സൊസൈറ്റി രൂപീകരിച്ച് നടത്താൻ തുടങ്ങി. ഇന്നും അതു തുടരുന്നു. ഈ അവസരത്തിൽ എ കെ ജിയുടെ (എ കെ ഗോപാലൻ) നേതൃത്വം വിസ്മരിക്കാൻ പാടില്ല.

കൂട്ടത്തിൽ ഒരു വെരുക് പുരാണം കൂടി പറയട്ടെ. ഏഷ്യൻ വെരുകിന്റെ കാഷ്ഠത്തിൽനിന്നും ശേഖരിക്കുന്ന കാപ്പിക്കുരുവിൽനിന്നും തയ്യാറാക്കുന്ന കാപ്പിപ്പൊടിയെയാണ് കെപ്പ് ഇൻവേറ്റ് എന്നു പറയുന്നത്. ഇതിനാണ് ഏറ്റവും കൂടുതൽ വില കിട്ടുന്നത്. വെരുകിന്റെ ദഹനരസങ്ങളെ മറികടന്നെത്തുന്ന കുരുവിലുണ്ടാകുന്ന ചില മാറ്റങ്ങൾ രുചിയിലും പ്രതിഫലിക്കുന്നു. ഈ രുചി ഇഷ്ടപ്പെടുന്നവർ എന്തു വിലകൊടുത്തും ഇതു വാങ്ങുന്നു.

ഈ വിദേശിച്ചെടിയിൽനിന്നുമുള്ള ഉൽപാദനത്തിൽ ഇന്ത്യയ്ക്ക് ആറാം സ്ഥാനമുണ്ട്. ബ്രസീൽ, വിയറ്റ്നാം, കൊളംബിയ, ഇന്തോനേഷ്യ, എത്യോപ്യ എന്നീ രാജ്യങ്ങളാണ് നമ്മുടെ മുന്നിലുള്ളത്.

കോഫിയിൽ പ്രധാനമായും അടങ്ങിയിട്ടുള്ളത് കഫേൻ ആണ്. ഇതാണ് ഉന്മേഷദായകവും. മറ്റു ചില വസ്തുക്കളും ഇതിൽ അടങ്ങിയിട്ടുണ്ട്. മനുഷ്യന് ആവശ്യമായ പോഷകങ്ങൾ കോഫിയിൽ വളരെ കുറവാണ്. ഉന്മേഷം ലഭിക്കുന്നു എന്ന ഒറ്റക്കാരണത്താൽ കോഫി മനുഷ്യന്റെ പ്രിയ മിത്രമായി തുടരുന്നു. ഇതു കുടിച്ചതുകൊണ്ട് വലിയ ദോഷങ്ങളൊന്നും റിപ്പോർട്ടുചെയ്യിട്ടില്ല.



**പ്രേമജ ഹരീന്ദ്രൻ**


**4**


ചിത്രീകരണം: റോഷൻ


സുപ്പ അന്ന് നേരത്തെ ഉറക്കമുണർന്നു. മറ്റെല്ലാ ദിവസവും ഉമ്മ ഉരുട്ടിയുരുട്ടി വിളിച്ചാലും എഴുന്നേൽക്കാത്തയാളാണ്.

ഉമ്മ അതിശയിച്ചു. "സുപ്പ എന്തുപറ്റി? എന്താ ഇത്രനേരത്തെ?"

"ഉമ്മ മറന്നുപോയോ? ഞാൻ ഇന്നലെ പറഞ്ഞതല്ലേ."

'ഓ! ശരിയാണ്.' ഉമ്മ ഓർത്തു. സുപ്പ തലേദിവസം തന്നെ പറഞ്ഞിരുന്നു. അവനിപ്പോൾ മൂന്നാം ക്ലാസ്സിലാണ്. അവന്റെ ക്ലാസ്സിലെ കുട്ടികളെയൊക്കെ ടീച്ചർ ഇന്ന് ഫീൽഡ് ട്രിപ്പിന് കൊണ്ടുപോവുകയാണത്രേ.

പാടം ഉഴുതുമറിക്കുന്ന യന്ത്രം കാണും. ഞാറു നടുന്നത് കാണും. എന്നിട്ട് പാടവരമ്പിലിരുന്ന് കഞ്ഞിയും പുഴുക്കും ചമ്മന്തിയും കഴിക്കും. വൈകുന്നേരം അടുത്തുള്ള തോട്ടിൽ കുളിച്ചതിന് ശേഷമേ തിരിച്ചുവരു.

സുപ്പ ഇന്നലെ സ്കൂൾ വിട്ടുവന്നതു മുതൽ ഈ വിശേഷം പറച്ചിൽ തന്നെയായിരുന്നു. ഇന്നലെ രാത്രി കിടക്കുമ്പോഴും 'ഉമ്മാ എങ്ങനെയെങ്കിലും വേഗം നേരം വെളുത്താൽ മതിയായിരുന്നു' എന്ന് പറഞ്ഞുകൊണ്ടാണ് കിടന്നത്.

"ഉമ്മാ, ഇന്ന് സ്കൂൾ യൂണിഫോം വേണ്ട. കളറ് കുപ്പായം മതി. അതെനിക്ക് ഇസ്തിരിയിട്ടു തരണം ട്ടാ."

ഉമ്മ ഒരു ഓട്ടുകിണ്ണത്തിൽ നിറയെ ചൂടുവെള്ളമെടുത്ത് കുപ്പായം നിലത്ത് പായയിൽ നിവർത്തിയിട്ട് അതിന്റെ മുകളിലൂടെ ചൂടുള്ള കിണ്ണം വൃത്തിയായി ഉരച്ചു. അതാണ് ഉമ്മയുടെ ഇസ്തിരിയിടൽ.

ഉമ്മ ഇത്തിരി അവല് തേങ്ങയും ശർക്കരയും കൂട്ടിക്കുഴച്ച് സുപ്പുവിനെ വിളിച്ചു. അവന് ഇഷ്ടമുള്ളതാണത്. പക്ഷേ, അന്ന് സുപ്പുവിന് ഒട്ടും വിശപ്പ് തോന്നിയില്ല. എങ്ങനെയെങ്കിലും സ്കൂളിലെത്തിയാൽ മതിയെന്നായിരുന്നു.

ഇന്ന് നേരം പോയിക്കിട്ടുന്നേയില്ല എന്ന് അവന് തോന്നി. ഒടുവിൽ എന്നും ഇറങ്ങുന്നതിനും അരമണിക്കൂർ മുമ്പേ സുപ്പ സ്കൂളിലേക്ക് പുറപ്പെട്ടു. അതിലപ്പുറം കാത്തിരിക്കാൻ അവന് ക്ഷമ കിട്ടിയില്ല.

സ്കൂളിലെത്തിയപ്പോഴേക്കും അവന്റെ ക്ലാസ്സിലെ നാലഞ്ചുകുട്ടികൾ എത്തിയിട്ടുണ്ട്. വിലാസിനിടീച്ചർ എത്തിയിട്ടില്ലല്ലോ. ടീച്ചർ വന്നാലല്ലേ പോവാൻ കഴിയൂ. ടീച്ചറാണ് ഫീൽഡ് ട്രിപ്പിന് കൊണ്ടുപോവുന്നത്.

സുപ്പ ടീച്ചറെ കാത്തുനിൽക്കാൻ തുടങ്ങി. ഒടുവിൽ ടീച്ചറെ ദൂരെ കണ്ടപ്പോൾ അവന് സന്തോഷം സഹിക്കാൻ കഴിഞ്ഞില്ല. 'സീച്ചറേയ്' എന്നൊരു വിളിയും ഓടലും ടീച്ചറെ കെട്ടിപ്പിടിക്കലും ഒന്നിച്ചായിരുന്നു. പക്ഷേ, സുപ്പുവിന് പിടുത്തം കിട്ടിയത് ടീച്ചറുടെ തിളങ്ങുന്ന സാരിയിലായിരുന്നു.

'ശ്ശെ! എന്റെ സാരി ചുളിച്ചല്ലോ ശല്യം! നീയെന്തിനാ ഇപ്പോളിങ്ങോട്ട് ഓടി വന്നത്?"

സുപ്പുവിന്റെ മുഖം മങ്ങി. അവന് ചെറിയ



സങ്കടം തോന്നി. പക്ഷേ, അത് പുറത്തു കാണിക്കാതെ അവൻ ചിരിച്ചു.

"സീച്ചറേയ്, നമ്മളെപ്പോളാ പോണത്? 'കിർഷി' കാണാൻ?"

ടീച്ചർ അത് കേട്ടതായിപ്പോലും ഭാവിച്ചില്ല. ക്ലാസിലെ എല്ലാ കുട്ടികളുമെത്തിച്ചേർന്നു.

"ടീച്ചറേ, പുറപ്പെടാറായോ?" ലൈലട്ടീച്ചർ വിലാസിനിട്ടീച്ചറോട് ചോദിച്ചു.

"ദാ, ഇപ്പോ പുറപ്പെടാം. ടീച്ചർ ഇവരെ ഒന്നു വരിയായി നിർത്തി, വേണ്ട നിർദ്ദേശങ്ങളൊക്കെ കൊടുക്ക്. ഞാനിപ്പോ വരാം," വിലാസിനിട്ടീച്ചർ പറഞ്ഞു.

സുപ്പ വരിയുടെ ഏറ്റവും മുന്നിൽ കയറി നിന്നു.

"കുട്ടികളേ... പാടത്തുപോയാൽ വരമ്പിലൂടെ തന്നെ നടക്കണം. ടീച്ചർ പറയാതെ ചെളിയിലിറങ്ങരുത്. ചിലപ്പോൾ ചില സ്ഥലത്ത് മണ്ണിൽ പൂണ്ടുപോയേക്കാം."

ഹായ്! എന്തു രസമായിരിക്കും! സുപ്പ ഓർത്തു.

ഹായ്!
എന്തു രസമായിരിക്കും!
സുപ്പ ഓർത്തു.
രണ്ടു കാലിനും
ചെളി കൊണ്ട് ഷൂസിട്ട
പോലെയുണ്ടാവും. അവൻ
ആ വരിയിൽ നിന്നുകൊണ്ടു
തന്നെ സ്വപ്നം കാണാൻ
തുടങ്ങി.

രണ്ടു കാലിനും ചെളി കൊണ്ട് ഷൂസിട്ട പോലെയുണ്ടാവും. അവൻ ആ വരിയിൽ നിന്നുകൊണ്ടു തന്നെ സ്വപ്നം കാണാൻ തുടങ്ങി.

*(തുടരും)*



# ഉപ്പ എന്ന അക്ഷയപാത്രം



മനോഹരൻ കെ

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

"അച്ഛനെക്കുറിച്ച് മറ്റൊരു കവിത ഞാൻ വായിച്ചു." കാവ്യ കണ്ടുപിടുത്തം നടത്തിയ സന്തോഷത്തോടെ പറഞ്ഞു.

"നന്നായി. ഏതാ കവിത?" അമ്മ ആകാംക്ഷയോടെ ചോദിച്ചു.

"കുരീപ്പുഴ ശ്രീകുമാറിന്റെ 'ഉപ്പ' എന്ന കവിത." കാവ്യ മറുപടി നൽകി.

"ഞാനും വായിച്ചിട്ടുണ്ട്. ആട്ടെ, കാവ്യമോള് കണ്ട പ്രത്യേകതയെന്താ?" അമ്മ ചോദിച്ചു.

"മദ്രസ വിട്ടോടി വന്നു
ഞാൻ കരഞ്ഞ നാളിൽ
ചിത്ര പുസ്തകങ്ങൾ തന്ന്
കൂട്ടിരുന്നെന്നുപ്പ."

"സ്നേഹത്തിനുവേണ്ടി കരയുമ്പോൾ ചിത്ര പുസ്തകങ്ങളിലൂടെ സ്നേഹം നൽകുകയാണ് ഉപ്പ ചെയ്യുന്നത്.

പുസ്തകത്തിലെ ചിത്രത്തോടൊപ്പം സ്നേഹത്തിന്റെ ചലിക്കുന്ന ചിത്രമായി ഉപ്പ മാറുന്നു." കാവ്യ വരികൾ മനസ്സിൽ തട്ടി വായിച്ചു.

"ഉപ്പ പറഞ്ഞുകൊടുക്കുന്ന കഥകൾ നോക്കു," അമ്മ വരികൾ ചൊല്ലി;

"ബൈക്കുമുട്ടി പ്ലാസ്റ്ററിട്ട്
ഞാൻ കിടന്ന മാസം
ഒപ്പരം കിടന്നു കഥ
ചൊല്ലിത്തന്നെന്നുപ്പ.
മുത്തുനബിപ്പോർക്കഥകൾ
ബുദ്ധ സന്ദേശങ്ങൾ
കൃഷ്ണദൂത്, സീതാവ്യഥ
ക്രിസ്തു സഞ്ചാരങ്ങൾ
ഒക്കെയും പിഴിഞ്ഞൊഴിച്ച്
ജ്ഞാനദാഹം മാറ്റി
സ്വപ്നസ്വിച്ചിൽ സ്പർശിച്ചെന്നും
വെട്ടമിട്ടെന്നുപ്പ."

"എത്രയെത്ര കഥകൾ. മനുഷ്യസ്നേഹവും നന്മയും ഉയർത്തിപ്പിടിക്കുന്നവ. മതങ്ങളുടെ നന്മകൾ ഉൾക്കൊള്ളുന്നവ. മതഭ്രാന്തിനെ എതിർക്കുന്നവ. മതേതരത്വം ഉപ്പയുടെ കുട്ടി ആസ്വദിച്ചനുഭവിക്കുകയാണ്." അമ്മ വിശദീകരിച്ചു.

"ബഷീറിന്റെ 'ന്റുപ്പാപ്പാക്കൊരാനണ്ടാർന്നു' എന്ന നോവലിൽ ഇങ്ങനെയൊരു ഉപ്പയുണ്ട്. തെറ്റായ ആചാരങ്ങളെ തള്ളിക്കളയുന്ന നിസാർ അഹമ്മദിന്റെ ഉപ്പ." കാവ്യ വായനാനുഭവം പങ്കുവെച്ചു.

"അതെ. ഈ ഉപ്പ അന്ധവിശ്വാസത്തിന്റെ ഇരുട്ടുമുറിയിൽ അസുഖമായി കിടന്നിരുന്ന കുഞ്ഞുപാത്തുമ്മയുടെ അടുത്തെത്തി. അടച്ചിട്ട ജനലുകൾ (മനസ്സുകളും) തുറന്നു. അപ്പോൾ–വെളിച്ചത്തിന് എന്തൊരു വെളിച്ചം – എന്നാണ് ബഷീർ വർണിക്കുന്നത്." അമ്മ കൂട്ടിച്ചേർത്തു.

"ഉപ്പ എന്ന കവിതയിലെ ഉപ്പ സ്വപ്നസ്വിച്ചിൽ സ്പർശിച്ചുകൊണ്ട് സൃഷ്ടിക്കുന്ന വെട്ടം – വെളിച്ചം – ഇതു തന്നെയാണ്." കാവ്യ ചേർത്തു വായിച്ചു.

"നോക്കിനോക്കിക്കണ്ണുപോയ
പാവമാണെന്നുപ്പ."

അമ്മ ചൊല്ലിയ വരി കേട്ട് കാവ്യ ഇടശ്ശേരിയുടെ വരികൾ ഓർമിച്ചു.

"തൻ മകനെ കാത്തിരുന്ന
തായ തൊട്ട വീട്ടിൽ
തരളിതമാം ഹൃദയമാളും
താളഘോഷത്തോടെ.
പൊടിയരിയാൽ ചോറുവെച്ചു
ചൂട്ട പാകമാക്കി.
ഉരുകിയ നെയ് കോരി വീഴ്ത്തി
സ്നിഗ്ധതരമാക്കി.
പല കറികൾ പാകമാ–
യൊരുക്കിയവനുണ്ണാൻ.
വരികയായി, വരികയായെ–



ന്നുഴറിയ കണ്ണോടെ."

"ചോറിനൊപ്പം വിളമ്പുന്ന സ്നേഹം! കാത്തിരുപ്പിന്റെ തിളങ്ങുന്ന സ്നേഹം! സ്നേഹത്തിന് എത്രയെത്ര വരികൾ, വാക്കുകൾ. ചലനങ്ങൾ! ഭിന്നഭാവങ്ങൾ!" കാവ്യ അത്ഭുതം മറച്ചുവെച്ചില്ല.

"ഉപ്പ
ചിന്തച്ചെന്തീ കൊണ്ട്
പൂട്ടിയെന്നടുപ്പ്."

"ഈ വരികളും പ്രത്യേകതയുള്ളതാണ്." അമ്മ ചൂണ്ടിക്കാണിച്ചു.

"ഉപ്പ അടുപ്പു പൂട്ടുന്നതു തന്നെ നമ്മുടെ വീടുകളിൽ നടക്കുന്ന ആചാരത്തെ തിരുത്തുന്നതാണ്."

"ഏതാചാരം?" കാവ്യ ചോദിച്ചു.

"അടുക്കളപ്പണി സ്ത്രീകൾ മാത്രം ചെയ്യണമെന്ന ആചാരം."

"പുകഞ്ഞുകൊണ്ടേ കത്തുമടുപ്പിൽ
നികടേ നിതരാം നിൽപൂ ഞാൻ–

എന്ന ഇടശ്ശേരിയുടെ വരികൾ കൂട്ടിവായിക്കാം." അമ്മ ചേർത്തു വായിച്ചു.

"അടുപ്പിൽ തീ കത്തിക്കുന്നത് ചിന്തകൊണ്ടാണ്." കാവ്യ വായിച്ചു.

"അതെ കുട്ടിയുടെ മനസിൽ കഥകളുടെ, ചൊല്ലുകളുടെ, ചോദ്യങ്ങളുടെ, അനുഭവങ്ങളുടെ – നിരന്തരമായ ചിന്തകൾ ഉയർത്തുകയാണ് ഉപ്പ ചെയ്യുന്നത്."

"പണ്ടു പിതാമഹർ കാട്ടിൻ നടുവിൽ
ചിന്തകളുരസിട്ടമക്കാലം." – വൈലോപ്പിള്ളി

"ചിന്തകളുരസുമ്പോഴാണ് ആചാരങ്ങൾ പലതും അബദ്ധങ്ങളാണെന്ന് തിരിച്ചറിയുന്നത്. മനുഷ്യർ മുന്നോട്ടു പോകുന്നത്." അമ്മ പറഞ്ഞു.

കാവ്യ ടാഗോറിന്റെ വരികൾ ചൊല്ലി;

"എവിടെ യുക്തിതൻ നീരൊഴുക്കാചാര–
പ്പഴമതൻ മണൽക്കാട്ടിൽ ലയിപ്പീല.
എവിടെ അന്തരംഗത്തെ നയിപ്പൂ നീ
സതതം വ്യാപിക്കും ചിന്താ കർമങ്ങളാൽ."–

ഗീതാഞ്ജലി – ടാഗോർ.

"അതെ. ചിന്തയെ കർമങ്ങളുമായി ബന്ധിപ്പിച്ച് ആചാരങ്ങളെ തുരത്തി മുന്നോട്ടു പോകാം." അമ്മ വായിച്ചു.

പീക്കിരി.ഇൻ കൊച്ചുകുട്ടികൾക്കുള്ള പേജുകളാണ്. മുതിർന്നവർ ഇത് ശ്രദ്ധിക്കുമല്ലോ.

# കുഞ്ഞിക്കോഴികളും കുഞ്ഞിനായയും





**എം.കൃഷ്ണദാസ്**



ചിത്രീകരണം: രാജീവ് എൻ ടി



**അമ്മക്കോഴി എത്ര പറഞ്ഞാലും കുഞ്ഞിക്കോഴികൾ ഒന്നും കേൾക്കില്ല. അവ എപ്പോഴും ആ കുഞ്ഞിനായയുടെ പുറകെയാണ്.**





**മിനിഞ്ഞാന്നാണ് അവനെ കുഞ്ഞിക്കോഴികളുള്ള വീട്ടിലേക്ക് കൊണ്ടുവന്നത്. കൂടെ അവന്റെ അമ്മയുമുണ്ട്.**



തല തെറിച്ച പിള്ളേർ അമ്മ കൊത്തിച്ചിനക്കി എടുക്കുന്ന ആഹാരമൊക്കെ തട്ടിത്തെറിപ്പിച്ച്, എപ്പോഴും മുറ്റത്തുകിടന്ന് ഓട്ടമാണ്. കൂടെ നായക്കുട്ടിയും.



ഒരു ദിവസം ഇരുട്ടുമയങ്ങാറായ നേരത്ത് പതിവുപോലെ കുഞ്ഞിനായ കൂട്ടിലേക്കു നടന്നു. കൂടെ കോഴിക്കുട്ടികളും.



കൂട്ടിൽ ചെന്നു കയറിയ കുഞ്ഞിക്കോഴികളെ കണ്ട് അമ്മപ്പട്ടി കാര്യം തിരക്കി. "ഞങ്ങളിന്ന് ഇവിടെ കൂടാൻ വന്നതാ." കുഞ്ഞിക്കോഴികൾ പറഞ്ഞു.



കുറേ കഴിഞ്ഞപ്പോൾ അതാ അമ്മക്കോഴി വരുന്നു. കോഴിയമ്മയെ കണ്ടപ്പോൾ തന്നെ അമ്മപ്പട്ടി പറഞ്ഞു : "മക്കളിവിടെ ഉണ്ട്."



“വാ പോവാം” അമ്മക്കോഴി കുഞ്ഞിക്കോഴികളെ വിളിച്ചു.
അവരിറങ്ങിയപ്പോൾ, എനിക്കും പോണം. കുഞ്ഞിനായയും പുറകെ ഇറങ്ങി.



അങ്ങനെയവർ കോഴിക്കൂട്ടിലെത്തി. കുഞ്ഞിക്കോഴികൾ കൂട്ടിൽ കയറി.
കുഞ്ഞിനായയും കയറിനോക്കി. പക്ഷേ, അവന് ഉള്ളിലേക്ക് കയറാനായില്ല.
സങ്കടത്തോടെ തല താഴ്ത്തി കുഞ്ഞിനായ പോന്നു.



കോഴിയമ്മ മക്കളോട് പറഞ്ഞു: “പാവം നായക്കുട്ടി.
ഇന്ന് നിങ്ങൾ അവിടെപ്പോയി കഴിഞ്ഞോ. അവന് സന്തോഷമാവും.”



അങ്ങനെ അവരെല്ലാം പൊട്ടിച്ചിരിച്ച് നായക്കൂട്ടിൽ ചെന്നു കയറി.
കഥയും ചിരിയുമായി അന്നവിടെ ആരും ഉറങ്ങിയില്ല.

# സൂര്യനായി മാറാൻ



സിസ്റ്റു.എൻ.പി

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

പുൽച്ചെടിത്തുഞ്ച–
ത്തിളകുകയാണൊരു
മഞ്ഞിന്റെ
കുഞ്ഞുതുള്ളി.
കാറ്റിനെക്കണ്ടാൽ
ഭയന്നു പതുങ്ങി
യിരിക്കുന്ന
മഞ്ഞു തുള്ളി.

മണ്ണിൽ വീ–
ണാറുന്നതിൻ മുമ്പ്
സൂര്യന്റെ കണ്ണിലേ –
ക്കൊന്നുനോക്കാൻ
ആ വെട്ടമെന്നെയും
സൂര്യനായ് മാറ്റുമെ–
ന്നാനന്ദമായി മാറാൻ
പുൽച്ചെടിത്തുഞ്ച –
ത്തിളകുകയാണൊരു
മഞ്ഞിന്റെ
കുഞ്ഞുതുള്ളി!



ഫെബ്രു. 28
ദേശീയ ശാസ്ത്രദിനം

# ദേ, ഒരു ശാസ്ത്രജ്ഞ




**കണ്ണുകൾ**
സൂക്ഷ്മമായ
നിരീക്ഷണം നടത്താൻ

**ജിജ്ഞാസയുള്ള മനസ്സ്**
അത്ഭുതപ്പെടാനും
അനുമാനം
രൂപപ്പെടുത്താനും

**ചെവികൾ**
സഹശാസ്ത്രജ്ഞരുടെ
അഭിപ്രായങ്ങൾ
കേൾക്കാൻ

**വായ**
കണ്ടെത്തലുകൾ
മറ്റുള്ളവരുമായി
പങ്കുവെക്കാൻ

**കൈകൾ**
ചോദ്യങ്ങൾ
ഉണ്ടാക്കാനും
ഉത്തരം തേടാനും

**ഉപകരണങ്ങൾ**
ലെൻസ്, മൈക്രോസ്കോപ്പ്
തുടങ്ങിയവയും
എഴുതാനുള്ള പുസ്തകവും

**പാദങ്ങൾ**
ചുറ്റുമുള്ള ലോകത്തെ
അന്വേഷിക്കാനും
കണ്ടെത്താനും

**ഒരു ചോദ്യം**
**അപ്പോൾ ശാസ്ത്രജ്ഞയ്ക്ക് മൂക്കില്ലേ?**
**നിങ്ങളുടെ അഭിപ്രായങ്ങൾ അറിയിക്കൂ.**


Volume 41 No. 18 Eureka 2020 February 16, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.

ഫെബ്രു. 28
ദേശീയ
ശാസ്ത്രദിനം

# വാവയ്ക്കും അറിയാം
# ശാസ്ത്രത്തിന്റെ രീതി!



നിരീക്ഷിക്കാൻ



അനുമാനത്തിലെത്താൻ



പരീക്ഷണത്തിൽ ഏർപ്പെടാൻ



കിട്ടിയ വിവരം അപഗ്രഥിക്കാൻ



കണ്ടെത്തൽ റിപ്പോർട്ട് ചെയ്യാൻ



കണ്ടെത്തിയത് പങ്കുവെക്കാൻ,
മറ്റുള്ളവരെ ക്ഷണിക്കാൻ

Date of Publication : 9/2/2020

**EUREKA**

Price : ₹ 17.00

ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20

License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20

Registered with the Newspaper Registrar of India under No:29524/78







Follow us on

ശീലമാക്കാം ...

FOOTWEAR & BACK PACKS ODYSSIA

CLASSMATE SHOES

SANDALS & BACKPACKS